**അടിയന്തരപ്രമേയം**

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, പച്ചക്കറികൾ, ജീവൻരക്ഷാമരുന്നുകൾ എന്നിവയുടെ വിലക്കെട്ടുതികളിൽപ്പെട്ട് ജനജീവിതം ദുസ്സഹമായിരിക്കെ കമ്പോളത്തിൽ ഇടപ്പെടാനുള്ള സപ്ലൈകോ, കൺസ്യൂമർഫെഡ്, നീതി മാവേലി സ്റ്റോറുകൾ ഹോർട്ടികോർപ്പ് എന്നിവയുടെ പ്രവർത്തനം നിശ്ചലമാകുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, എം. ചന്ദ്രൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ സംബന്ധിച്ച് ഉന്നയിച്ചിരിക്കുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ പരിശോധിച്ചു കഴിയുമ്പോൾ ഗവൺമെന്റിന്റെ ഇടപെടലുകൾ കഴിഞ്ഞ

കാലങ്ങളിൽ ഉള്ളതുപോലെ ശക്തമായ നിലയിൽ തന്നെ വിപണിയിൽ ഉണ്ട്. ഗവൺമെന്റിന്റെ സപ്ലൈകോ ഉൾപ്പെടെയുള്ള വിപണന ഏജൻസികൾ വഴി ഏറ്റവും കൃത്യമായ നിലയിൽ ഗവൺമെന്റ് അതിന്റെ ഏകീകരണം നടത്തുന്നുണ്ട്. അരിയുടെ വില എടുത്തു പറയുകയാണെങ്കിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. അത് നിയന്ത്രണവിധേയമായി നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഉഴുന്ന്, തുവര പരിപ്പ്, തുടങ്ങിയ പരിപ്പ് വർഗ്ഗങ്ങൾ പരിശോധിച്ചു കഴിഞ്ഞാൽ അതികത്ത് വർദ്ധനവ് കാണുവാൻ കഴിയും. അത് കേരളത്തിൽ മാത്രമല്ല, ദേശീയതലത്തിലും വടക്കേ ഇന്ത്യയിലുമൊക്കെ വർദ്ധനവ് വരുന്നുണ്ട്. ഉൽപ്പാദനത്തിൽ കുറവുണ്ടായി എന്നുള്ളതാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. ഈ ഐറ്റംസ് ഒന്നും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതല്ല. വടക്കേ ഇന്ത്യയിൽ ഉണ്ടായിരിക്കുന്ന കാലാവസ്ഥാ വ്യതിയാനം മഴ, drought തുടങ്ങിയ അനവധി വിഷയങ്ങൾ അതിന്റെ അടിസ്ഥാന കാരണങ്ങളായി ചൂണ്ടിക്കാണിക്കാൻ കഴിയും. പ്രൊഡക്ഷനിൽ കുറവ് വരികയും അതിന്റെ ലഭ്യതയിൽ കുറവുണ്ടാകുകയും ചെയ്തത് വിലയിൽ പ്രതിഫലിച്ചിട്ടുണ്ട്. ആ സമയത്ത് ഗവൺമെന്റിന്റെ ഏജൻസികൾ വഴി ഇതിന്റെ വിൽപ്പന കൃത്യമായ നിലയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞു. പ്രത്യേകിച്ച് ഈ ഐറ്റംസിന് കുറവ് ഉണ്ടാകാത്ത നിലയിൽ അതിന്റെ ലഭ്യത ഉറപ്പ് വരുത്തിക്കൊണ്ട്

ഗവൺമെന്റിന്റെ outlets-ലൂടെ ഇതിന്റെ വിതരണം ഏകീകരിച്ച് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞു. ഈ കഴിഞ്ഞ നാലു മാസങ്ങളുടെ ഇടയിൽ ചെറുപയർ ഏകദേശം 4700 ടണ്ണും ഉഴുന്ന് 6000 ടണ്ണും സപ്ലൈകോ വഴി വിൽപ്പന നടത്തുകയുണ്ടായി. വില വർദ്ധിക്കുന്ന ഐറ്റംസിൽ പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, അതിന്റെ ലഭ്യത ഉറപ്പ് വരുത്തി എത്തിക്കുവാനുള്ള സാഹചര്യം ഉണ്ടായി. ഒപ്പംതന്നെ ഈ മേഖലയിലുള്ള വ്യാപാരികളെ ഞങ്ങൾ ചർച്ചയ്ക്ക് വിളിച്ച് വിലയിൽ ഇപ്പോഴുള്ള പൊസിഷൻ എന്താണെന്നുള്ളത് നേരിട്ട് സംസാരിച്ചിരുന്നു. അതുകൊണ്ടുതന്നെ ഈ മേഖലയിൽ വർദ്ധനവ് ഉണ്ടാകുമ്പോൾ പരിപ്പ് വർഗ്ഗങ്ങൾ പൂഴ്ത്തിവയ്ക്കുവാനുള്ള ടെന്റൻസി മുൻകൂട്ടി കണ്ടുകൊണ്ട് റെയ്ഡുകൾ ഗവൺമെന്റ് നടത്തുകയുണ്ടായി. ഇതിന്റെയൊക്കെ ഫലമായി ഇപ്പോൾ അതിന്റെ വിലയിൽ വലിയൊരു കുറവുണ്ടായിട്ടില്ലെങ്കിൽപ്പോലും പത്തു മുതൽ പന്ത്രണ്ടു രൂപ വരെയുള്ള കുറവ് ഈ കഴിഞ്ഞ രണ്ടാഴ്ചക്കിടയിൽ ഉഴുന്ന്, തുവരപരിപ്പ് തുടങ്ങിയ ഇനങ്ങളിൽ കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അത് വലിയൊരു കുറവാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ കുറവ് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ലഭ്യതയുടെ കുറവാണ് യഥാർത്ഥ പ്രശ്നം ഉണ്ടാക്കിയിരിക്കുന്നത്. ഗവൺമെന്റിന്റെ ഇടപെടലുകൾ വളരെ ഫലപ്രദമായി തന്നെ മുന്നോട്ടുപോകുന്നുണ്ട്. ജനങ്ങൾക്ക് ബുദ്ധിമുട്ട്

ഉണ്ടാകാത്ത നിലയിലുള്ള വിപണി ഇടപെടൽ എല്ലാ സന്ദർഭങ്ങളിലും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി കേരളത്തിലെ ജനങ്ങളുടെ നിലവിളി കേൾക്കുന്നില്ല. ജീവിതസാഹചര്യം വളരെ ദുസ്സഹമാണ്, ഒരു ഗത്യന്തരവുമില്ലാത്ത ജീവിതമാണ്. സർക്കാർ എന്തോ ചെയ്തു എന്നൊക്കെയാണ് പറയുന്നത്. എന്താണ് സർക്കാർ ചെയ്തത്? സർക്കാർ ഒന്നും ചെയ്യുന്നില്ലയെന്നുള്ളതിന്........... ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ ഇന്നലെ (30-11-2015) തന്നിരിക്കുന്ന ഒരുത്തരം - അതിൽ പറഞ്ഞിരിക്കുന്നത്, ചോദ്യം - പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നോക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയാണ്? ഉത്തരം - ഭക്ഷ്യ പൊതുവിതരണം 28 ശതമാനം. പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് അവരുടെ ഭക്ഷ്യധാന്യങ്ങൾ അവയലഭിളാക്കാൻ കമ്പോളത്തിലിടപെടാൻ നീക്കി വച്ച പണം ചെലവാക്കിയില്ലായെന്നല്ലേ ഈ സഭയിൽ പറഞ്ഞത്. അങ്ങയുടെ സഹമന്ത്രി പറഞ്ഞതെന്താ, ഇനിയൊന്നും ബാക്കി ഇല്ലായെന്ന്. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്, നെല്ല് സംഭരണത്തിനുള്ള തുക നീക്കി

വച്ചതിനുപുറമെ സപ്ലൈകോ മുഖേന വിപണി ഇടപെടലുകൾക്കായി ഞാൻ 100 കോടി രൂപ വകയിരുത്തുന്നു എന്നാണ്. ആകെ 830.44 കോടിരൂപ സിവിൽ സപ്ലൈസിനായി വകയിരുത്തിയിട്ടുണ്ട് എന്നാണ്. പദ്ധതി വിഹിതത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വകുപ്പാണ് ഭക്ഷ്യവകുപ്പ് എന്നാണ് മുഖ്യമന്ത്രി പറയുന്നത്. കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ വായ്ക്കകത്ത് മണ്ണിടുന്ന ലജ്ജാകരമായ പ്രവൃത്തിയാണ് നിങ്ങൾ ചെയ്തത്. ഒന്നാമതായി പ്രയോറിറ്റി കൊടുക്കേണ്ടത് പദ്ധതി ചെലവിനല്ലേ; പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ ചെലവാക്കണ്ടേ; 100 കോടി ആണെങ്കിൽ 500 കോടി ചെലവാക്കണ്ടേ; ആളുകൾക്ക് അരിയും നിത്യോപയോഗ സാധനങ്ങളും പച്ചക്കറിയും കിട്ടണ്ടേ? അവരെ വേട്ടയാടുകല്ലേ ചെയ്യുന്നത്? ബസ്സ് ഫെയറും വെള്ളക്കരവും ഭൂമിക്കരവും കെട്ടിടനികുതിയും ഇലക്ട്രിസിറ്റി ചാർജ്ജും കൂട്ടി. സ്കൂളിൽ ഉച്ചഭക്ഷണം ഇല്ല, പാഠപുസ്തകം കിട്ടുന്നില്ല, യൂണിഫോമും കിട്ടുന്നില്ല. എന്താണ് ഇവിടെ നടക്കുന്നത്? എന്തുകൊടുത്തുവെന്നാണ് നിങ്ങൾ പറയുന്നത്? ഈ ഗവൺമെന്റ് ജനങ്ങളെ വേട്ടയാടുകയാണ്. ജനങ്ങളോട് പ്രതികാര രൂപത്തിലാണ് പെരുമാറുന്നത്. നമ്മുടെ പ്രിയങ്കരനായ ടി.എം. ജേക്കബ് ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് 12 രൂപ 70 പൈസക്ക് ഒരു കിലോ അരി കൊടുക്കും എന്ന് അദ്ദേഹം തന്ന മറുപടി

എന്റെ കൈവശമുണ്ട്. 12.70 പൈസയുടെ അരി നിങ്ങൾ ഇപ്പോൾ കൈകാര്യം ചെയ്യുമ്പോൾ എത്ര രൂപയാണ്? ഞാൻ വില പറയാം, നിങ്ങൾ അംഗീകരിച്ചിരിക്കുന്നത് അഞ്ച് കിലോയ്ക്ക് 25 രൂപയാണ്. 5 കിലോയിൽ കൂടുതൽ അരി വാങ്ങണമെങ്കിൽ 45 രൂപ കൊടുക്കണം. 12.70 പൈസയിൽ നിന്നും നാൽപ്പത്, നാൽപ്പത്തിയഞ്ച് രൂപയിലേക്ക് നാലു വർഷം കൊണ്ട് ഒരു കിലോ അരിയുടെ വില വർദ്ധിപ്പിച്ചില്ലേ? ഇങ്ങനെയാണോ വിലക്കയറ്റം തടയുന്നത്; ഇതിനാണോ സപ്ലൈകോ? സപ്ലൈകോയുടെ കഥകൾ ഞാൻ പറയട്ടെ; ഞങ്ങൾ അധികാരത്തിൽ കയറിയതിന്റെ അന്നുമുതൽ 5 കൊല്ലക്കാലവും ഇറങ്ങുന്നതുവരെ ഒരേ വിലക്ക് 13 ഇനം മാവേലി ഐറ്റം സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്തതാണ്. അന്ന് കേന്ദ്ര ഗവൺമെന്റിന്റെ സർവ്വേയിൽ പറഞ്ഞിരിക്കുന്നത്, വിലക്കുറവിൽ കേരളത്തിന് പതിനഞ്ചാമത്തെ റാങ്ക് എന്ന് ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പറയുന്നു. ഇന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കൂടുതലിൽ രണ്ടാമത്തെയോ മൂന്നാമത്തെയോ റാങ്കിൽ എത്തി. പുരോഗതി കൈവരിച്ച നിങ്ങൾ പക്ഷെ മേൽപ്പോട്ടാണ്. ഞങ്ങളുടെ കാലത്ത് വിലക്കയറ്റം കീഴ്പോട്ട് പോയി. അക്കാര്യത്തിൽ നിങ്ങൾ വളരെ പുരോഗതിയിലാണ്. ഇതിൽ ലേബർ ബ്യൂറോ ഓഫ് ഇന്ത്യ ഇന്ന് പറയുന്നത്, ഏറ്റവും കൂടുതൽ വിലക്കയറ്റം അനുഭവിക്കുന്ന

സംസ്ഥാനങ്ങളിലൊന്ന് കേരളമാണ് എന്നാണ്. കാലാവസ്ഥാ വ്യതിയാനം എല്ലാ കാലത്തും ഉണ്ട്. അത് ആരുടെയും കണ്ടുപിടിത്തമല്ല. ഉൽപ്പാദനം കുറവ് പല കാലങ്ങളിലും വരും. അതിന് പരിഹാരം കാണാനാണ് സർക്കാർ ഏജൻസി ഉള്ളത്. പൊതുവിതരണ സമ്പ്രദായം തകർന്ന് തരിപ്പണമാകാൻ പാടില്ല. കേരളത്തിലെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കികൊണ്ടുമാത്രമേ കമ്പോളത്തിൽ ഇടപെടാൻ സാധിക്കുകയുള്ളൂ. ഞങ്ങളുടെ ഭരണകാലത്ത് ശ്രീ മൻമോഹൻ സിംഗാണ് റേഷൻ വിഹിതം വെട്ടിക്കുറച്ചത്. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുമായി ഡൽഹിയിൽ പോയി നിവേദനം കൊടുത്തിട്ടുപോലും കിട്ടിയില്ല. കേരളത്തിലെ മുഖ്യമന്ത്രിയടക്കം 20 പേർ ഡൽഹിയിലെ തെരുവിൽ സത്യാഗ്രഹം ഇരുന്നിട്ടാണ് കേരളത്തിന്റെ വെട്ടിക്കുറച്ച വിഹിതം തിരിച്ചുകൊണ്ടുവന്നത്. നിങ്ങൾ എന്തു ചെയ്തു? എ.പി.എൽ. കാർഡുടമകൾക്ക് അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചു. ബഹുമാനപ്പെട്ട മന്ത്രി റബ്ബെ, പാവപ്പെട്ടവരുടെ കാര്യം പറയുകയാണ്. അത് കേൾക്കണം. കഞ്ഞികുടിയുടെ കാര്യം പറയുകയാണ്. ഭക്ഷണത്തിന്റെ കാര്യം പറയുകയാണ്. ദയവ് ചെയ്ത് ഇത് കേൾക്ക്, എനിക്ക് അഞ്ചു മിനിട്ട് കൂടി തരണം. ഇന്നത്തെ ബി.ജെ. പി. ഗവൺമെന്റ്, ശ്രീ. നരേന്ദ്ര മോഡി അധികാരത്തിൽ വന്ന്

ആദ്യം കേരളത്തിലെ റേഷനരി വിഹിതവും മണ്ണെണ്ണ വിഹിതവും വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. ഇതിനൊക്കെ എന്ത് നടപടിയാണ് എടുത്തത്? നിങ്ങളുടെ മുട്ട് വിറയ്ക്കുന്നുണ്ടോ? നിങ്ങൾക്ക് ബി.ജെ.പി.യോട് ചോദിക്കാൻ സാധിക്കുമോ? ഒന്നുമില്ലെങ്കിലും ഇതിനൊരു പ്രതിഷേധമെങ്കിലും നടത്താൻ നിങ്ങൾ തയ്യാറായില്ല. നിങ്ങളുടെ ഭരണകാലത്ത് കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ ബിൽ എവിടെയാണ്? ശ്രീ. കെ.വി. തോമസ് കൊണ്ടുവന്ന ബിൽ എവിടെയാണ്? മൂന്നു രൂപയ്ക്ക് അരിയും രണ്ടു രൂപയ്ക്ക് ഗോതമ്പും കൊടുക്കുമെന്നാണ് ആ ബില്ലിൽ പറഞ്ഞിട്ടുള്ളത്. കേരളം ഇത് നടപ്പാക്കാൻ പരാജയപ്പെട്ടു എന്ന് ശ്രീ. കെ. വി. തോമസ് പരസ്യ പ്രസ്താവന നടത്തി. ശ്രീ. കെ. വി. തോമസ് നിങ്ങളുടെ മന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് ഞാനും അദ്ദേഹവുമായി ഇതിനെക്കുറിച്ച് വഴക്കുണ്ടാക്കുകയും അവസാനം വെട്ടിക്കുറച്ച വിഹിതങ്ങളെല്ലാം തന്നു സഹായിക്കുകയും ചെയ്തത്. വിലക്കയറ്റം തടയാൻ ഞാൻ മന്ത്രിയായിരുന്നപ്പോൾ ഇന്നത്തെ മുഖ്യമന്ത്രിയുടെ വീട്ടിൽ പോയി ഒരു പ്രോജക്ട് തയ്യാറാക്കി കൊടുത്തു. ആ പ്രോജക്ടിൽ കേന്ദ്രത്തിന്റെ വിഹിതം ഉണ്ടെങ്കിൽ സ്ഥിരമായി വിലക്കയറ്റം തടയാമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഈ പ്രോജക്ട് നോക്കിയിട്ട് അന്നത്തെ പ്രതിപക്ഷ നേതാവ് പറഞ്ഞത് ഞാനിത് കേന്ദ്രത്തിൽ

അവതരിപ്പിക്കാം. നമുക്ക് ഇത് നടപ്പിലാക്കണമെന്നാണ്. ആ പ്രോജക്ട് അവിടെയുണ്ട്. നിങ്ങളെ ഇപ്പോഴും സെർവ് ചെയ്യുന്ന ഐ.എ.എസു. കാരിയായ ശ്രീമതി വത്സല കുമാരിയാണ് ഈ പ്രോജക്ട് തയ്യാറാക്കി തന്നത്. അവർക്ക് ഇതെല്ലാം അറിയാവുന്ന കാര്യങ്ങളാണ്. ആ പ്രോജക്ടുമായാണ് അന്നത്തെ പ്രതിപക്ഷനേതാവിന്റെ വീട്ടിൽ പോയത്. ഞങ്ങൾക്ക് ദുരഭിമാനമില്ല, കേരളത്തിലെ ജനങ്ങളാണ് പ്രശ്നം. പ്രതിപക്ഷ നേതാക്കന്മാരുടെ വീട്ടിൽ പോകുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. കേരളത്തിനുവേണ്ടി ഇതെല്ലാം നടപ്പിലാക്കണമെന്നാണ് ഞങ്ങളുടെ നിലപാട്. പൊതു കാര്യത്തിന് ആരുടെ വീട്ടിലും പോകാം. അന്ന് അദ്ദേഹത്തിന്റെ നേതാവ് കേന്ദ്രം ഭരിക്കുകയാണ്. നിങ്ങൾ എന്താണ് ചെയ്തത്? ഒരു ചെറുവിരൽ ഈ വിലക്കയറ്റത്തിനെതിരെ അനക്കുന്നുണ്ടോ? സപ്ലൈകോയിൽ നാലര കൊല്ലമായി 16 എം. ഡി. മാരാണ് ഭരിക്കുന്നത്. എന്തു കൊണ്ടാണ് സപ്ലൈക്കോയിൽ ഒരു വർഷം 4 എം.ഡി. മാർ ഭരിക്കുന്നത്; എന്തുകൊണ്ട് അവിടെ ഉദ്യേഗസ്ഥന്മാർ ഇരിക്കുന്നില്ല; എന്താണ് അതിനുള്ള കാരണം? Integrity ഉള്ള ഉദ്യോഗസ്ഥന്മാർ എന്തുകൊണ്ടാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എം.ഡി. ആയി ഇരിക്കാത്തത്? ഇന്നത്തെ വിവാദപുരുഷനായ ശ്രീ. ജേക്കബ് തോമസ് അവിടുത്തെ എം.ഡി. ആയിരുന്നു. ആ എം.ഡി. കണ്ടെത്തിയ കുഴപ്പങ്ങളാണ് 145

കോടി രൂപയുടെ കുംഭകോണം. അന്നത്തെ സി.എം.ഡി. റിപ്പോർട്ടുണ്ടാക്കി ശ്രീ. അടൂർ പ്രകാശ്......... ജസ്റ്റിസ് മുരളീധരൻ കമ്മീഷനെ വെച്ചു. അതൊന്നും നടപ്പിലാക്കിയില്ല. ഞങ്ങളത് നടപ്പിലാക്കി, സി.ബി.ഐ. പ്രതികളെ കണ്ടെത്തി അവിടെ അഴിമതി അവസാനിപ്പിച്ചു. ഒന്നാം പ്രതിയായി സസ്പെൻഷനിൽ നിന്ന് അന്നത്തെ സി.എം.ഡി.......... നിങ്ങൾ അങ്ങോട്ട് ചോദിക്ക് അഴിമതി നടന്നോ ഇല്ലയോ എന്ന്? ശ്രീ. അടൂർ പ്രകാശിനോട് ചോദിക്ക്...... അവിടെ അഴിമതികൾ നടന്നതിന്റെ അദ്ധ്യായങ്ങളാണ് ഞങ്ങൾ അവസാനിപ്പിച്ചത്. ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. സർക്കാർ ആ കാര്യങ്ങളിൽ ഇടപെടുന്നില്ല. എന്തുകൊണ്ടാണ് സപ്ലൈകോയിൽ സ്ഥായിയായിട്ടുള്ള ഒരു ഭരണമില്ലാത്തത്? രണ്ടാമതായി, കേരളത്തിലെ വിലക്കയറ്റത്തിൽ ഇടപെടാനുള്ള രണ്ടാമത്തെ ഏജൻസി കൺസ്യൂമർഫെഡാണ്. ഇപ്പോൾ കൺസ്യൂമർഫെഡിന്റെ ഗതിയെന്താണ്? കൺസ്യൂമർഫെഡിന്റെ ചെയർമാന്റെ കെടുകാര്യസ്ഥതയും ചൂഷണവും അദ്ദേഹത്തിനെക്കുറിച്ച് എന്തെല്ലാം കഥകളാണ് പറഞ്ഞത്. അതിനകത്തുള്ള ബോർഡ് മെമ്പർ സതീശൻ പാച്ചേരി പറഞ്ഞ കാര്യങ്ങളെന്താണ്? അദ്ദേഹത്തിന്റെ ചെയർമാനെക്കുറിച്ച് എന്താണ് പറഞ്ഞത്? വിലക്കയറ്റം തടയാൻ ഫലപ്രദമായി പ്രവർത്തിച്ചിരുന്ന കൺസ്യൂമർഫെഡ് സി.ബി.ഐ. കസ്റ്റഡിയിലാണ്.

ഇങ്ങനെയാണോ വിലക്കയറ്റത്തിൽ ഇടപെടുന്നത്? ഇങ്ങനെയാണോ കേന്ദ്രത്തോട് വിലപേശുന്നത്? ഇങ്ങനെയാണോ കൺസ്യൂമർഫെഡ് പ്രവർത്തിക്കുന്നത്? കൺസ്യൂമർഫെഡിന് എന്താണ് സംഭവിച്ചത്? നിങ്ങൾ ജനങ്ങളെ അരുംകൊല ചെയ്തിരിക്കുകയാണ്. ആളുകൾ എങ്ങോട്ട് പോകണം? ഒരു മാസം മൂന്നുലക്ഷത്തി അമ്പതിനായിരം മെട്രിക് ടൺ അരി ആവശ്യമാണ്. നമ്മുടെ ഉല്പാദനം നാൽപ്പതിനായിരം മെട്രിക് ടൺ അരിയാണ്. ഇവിടെ റേഷൻ കിട്ടുന്നത് 84,000 മെട്രിക് ടണ്ണാണ്. മാർക്കറ്റിൽ അരി കച്ചവടക്കാർ, കൊള്ളക്കാർ, പൂഴ്ത്തിവയ്പുകാരിൽ നിന്ന് വാങ്ങുന്നത് 1,70,000 മെട്രിക് ടണ്ണാണ്. ഇത് കൺസ്യൂമർ സ്റ്റേറ്റാണ്. അതിലാർക്കും എതിർപ്പില്ല. എങ്ങനെയാണ് വിലക്കയറ്റം തടയുന്നത്? മദ്ധ്യപ്രദേശ്, ഒറീസ, കർണ്ണാടക, ഹരിയാന, പഞ്ചാബ്, ബംഗാൾ, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ അരിയും പലവ്യഞ്ജനവും ഉല്പാദനകാലത്ത് on the spot പ്രൊക്യൂർ ചെയ്യാൻ ആ സംസ്ഥാന ഗവൺമെന്റുകൾ കേരളത്തെ സഹായിച്ചിരുന്നു. ഞങ്ങൾ ഗുണ്ടൂരിൽ പോയി 42 രൂപയ്ക്ക് മുളക് കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ ഒരു കിലോ മുളകിന് 156 രൂപയാണ്. ഗുണ്ടൂരിൽ പോയി മുളക് വാങ്ങുന്നതിന് എന്താണ് തടസ്സം? ചെറുപയർ ഏറ്റവും കൂടുതൽ ഉല്പ്പാദിപ്പിക്കുന്നത് കർണ്ണാടകത്തിലാണ്. കർണ്ണാടകത്തിൽനിന്നും ഉല്പാദന സമയത്ത് ചെറുപയർ സംഭരിക്കാവുന്നതാണ്.

തുവരപരിപ്പിന് 200 രൂപയാണ് വില. ഒരു പരിപ്പുവടയുടെ വിലയെന്താണ്? ഒരു ചായയുടെ വില എത്ര? ഹോട്ടലുകാർ എങ്ങനെ ജീവിക്കും? ഒരുപാട് ആളുകൾ ഇപ്പോൾ ജീവിക്കുന്നത് ഹോട്ടലുകളെ ആശ്രയിച്ചാണ്. ഇവിടെയുള്ളവർ ഉച്ചഭക്ഷണം കഴിക്കുന്നത്, രാവിലെ ആഹാരം കഴിക്കുന്നത്...... പാവപ്പെട്ട അദ്ധ്വാനിക്കുന്ന തൊഴിലാളികൾ ഏത് ഹോട്ടലിൽ പോകും? ഗവൺമെന്റ് 15 മാവേലി ഹോട്ടലുകൾ തുടങ്ങി. എല്ലാ മാവേലി ഹോട്ടലുകളും പൂട്ടി. ഇങ്ങനെയാണോ വിലക്കയറ്റം തടയുന്നത്? ഇങ്ങനെയാണോ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നത്? എവിടെ ഭക്ഷ്യ സുരക്ഷാ ബിൽ; കുട്ടികൾക്ക് പോഷകാംശമുള്ള ആഹാരം എവിടെയാണ് കൊടുക്കുന്നത്? പാചകം ചെയ്ത ആഹാരം ഗർഭിണികൾക്ക് എവിടെയാണ് കൊടുക്കുന്നത്? ഇതെല്ലാം നിയമത്തിലുള്ളതാണ്.

മി. സ്പീക്കർ: 15 മിനിട്ടായി.

ശ്രീ. സി. ദിവാകരൻ : സർ, അങ്ങയേയും കൂടി ബാധിക്കുന്ന ഒരു പ്രശ്നമാണ് ഇവിടെ പറയുന്നത്. ഇന്നലെ ശ്രീ. കോടിയേരി ബാലകൃഷ്ണന് കൊടുത്ത സമയം എനിക്കു വേണ്ട. അത്രയും വലിയ പാർട്ടിയുടെ നേതാവല്ല ഞാൻ.

മി. സ്പീക്കർ : 15 മിനിട്ട് ആയെന്ന് അങ്ങയെ ഓർമ്മപ്പെടുത്തിയതാണ്.

ശ്രീ. സി. ദിവാകരൻ: 60 മുതൽ 80 രൂപ വരെ വിലയുണ്ടായിരുന്ന ഒരു കിലോ

ഉഴുന്നിന് 225 രൂപയാണ്. പരിപ്പിന്റെ വില ഒരു കിലോയ്ക്ക് 70 രൂപയിൽ നിന്ന് 220 രൂപയാണ്. 30 രൂപയായിരുന്ന പയറിന്റെ വില 115 രൂപ, പഞ്ചസാര 35 രൂപ, 20 രൂപയുടെ തക്കാളി 70 രൂപ, സവാളയുടെ വില 70 രൂപ. ഉപ്പ് തൊട്ട് കർപ്പൂരം വരെ വില കൂടി, എങ്ങനെയാണ് ഹോട്ടലുകാർ അത് നടത്തുന്നത്? ഭക്ഷണത്തിന് വില നിയന്ത്രിക്കുവാൻ ബില്ല് കൊണ്ടുവരുന്നു എന്ന് പത്രത്തിൽ കണ്ടു, അത് കണ്ടപാടെ ഹോട്ടലുകാർ പറഞ്ഞു, ഞങ്ങൾ പൂട്ടാൻ പോകുകയാണ് എന്ന്. എങ്ങനെ വില കൂടാതിരിക്കും? ഹോട്ടലുകാർ എങ്ങനെ വില കുറച്ച് തരും? ഇലക്ട്രിസിറ്റി ബില്ല് കൂടുന്നുണ്ട്, വാട്ടർ ചാർജ്ജ് കൂടുന്നുണ്ട്, റെന്റ് കൂടുന്നുണ്ട്, പല ബുദ്ധിമുട്ടുകളും അവർക്ക് ഉണ്ട്. ഞങ്ങൾ അന്ന് ചെയ്തിരുന്നത്, മാവേലി ഹോട്ടലുകൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി റേറ്റിൽ എല്ലാ സാധനങ്ങളും കൊടുക്കും. വാട്ടർ അതോറിറ്റിക്ക് എഴുതി, ഞങ്ങൾ ഐഡന്റിഫൈ ചെയ്യുന്ന ഹോട്ടലുകൾക്ക് വാട്ടർ ചാർജ്ജ് വാങ്ങാൻ പാടില്ല, ഗവൺമെന്റ് അടയ്ക്കും. ഇലക്ട്രിസിറ്റി ബോർഡിന് എഴുതി, മാവേലി ഹോട്ടലിന് ഇലക്ട്രിസിറ്റി ചാർജ്ജ് ഞങ്ങൾ അടയ്ക്കും. അങ്ങനെ സബ്സിഡി കൊടുത്തുകൊണ്ട്, ആളുകളെ സഹായിക്കണം. ഈ തീപിടിക്കുന്ന വിലക്കയറ്റം, കാലാവസ്ഥാ വ്യതിയാനമാണെന്നു പറഞ്ഞിരുന്നാൽ മതിയോ? സാധനങ്ങൾ സംഭരിച്ച്

വിതരണം ചെയ്യേണ്ടേ? ഈ വിലക്കയറ്റം തുടർന്നാൽ നമ്മുടെ രാജ്യത്ത് ആത്മഹത്യകൾ കൂടും, ഒരുപാട് മരണങ്ങൾ നടക്കും. ജീവിക്കുവാൻ നിവൃത്തിയില്ല, ഗത്യന്തരമില്ല. ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കാൻ നിവൃത്തിയില്ല, വരുമാനമില്ല. എങ്ങനെയാണ് ഒരാൾ ജീവിക്കുന്നത്? എങ്ങനെയാണ് ഒരു കുടുംബ ബഡ്ജറ്റ്? മൽസ്യത്തിന്റെ വില അറിയാമോ? പാളയം ചന്തയിൽ ഒരു അയലയ്ക്ക് 75 രൂപ മുതൽ 100 രൂപ വരെയാണ്. നെയ്മീനിന്റെ വില അറിയാമോ? കാള ഇറച്ചിയുടെ വില അറിയാമോ? ബീഫിന്റെ വില, അത് തിന്നാൻ പാടില്ല എന്ന് നിരോധിച്ചിട്ടും ഭീകരമായ വിലയാണ്. മാംസവും, മൽസ്യവും വില നിയന്ത്രിക്കുവാൻ നിവൃത്തിയില്ല. പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നില്ല, ഭക്ഷ്യധാന്യങ്ങളുടെ വില നിയന്ത്രിക്കുന്നില്ല, പയറുവർഗ്ഗങ്ങളുടെ വില നിയന്ത്രിക്കുന്നില്ല, റേഷൻ കടകളിൽ നിന്ന് ന്യായമായ സാധനങ്ങൾ കിട്ടുന്നില്ല. കിട്ടിക്കൊണ്ടിരുന്നത് തന്നെ അളവിൽ കുറവാണ്. അതിന്റെ കണക്കുകൾ പറയുന്നുണ്ട്. സംപൂർണ്ണമായും നിങ്ങൾക്ക് താൽപ്പര്യം ഇതിലല്ല. കേരളത്തിലെ പട്ടിണിപാവങ്ങളുടെ വിലക്കയറ്റം തടയാനല്ല നിങ്ങളുടെ താൽപ്പര്യം. നിങ്ങളുടെ താൽപ്പര്യം കോഴ വാങ്ങാനാണ്, എങ്ങനെ കോഴ വാങ്ങിക്കൂട്ടാം എന്നാണ്. നിങ്ങൾ അതിനുവേണ്ടിയിരിക്കുന്നവരാണ്. നിങ്ങൾ വാങ്ങുന്ന കോഴയിൽ കുറച്ചെങ്കിലും സബ്സിഡി കൊടുത്തിരുന്നുവെങ്കിൽ ഈ

കമ്പോളത്തിലെ വില കുറയുമായിരുന്നില്ലേ? ഞങ്ങൾ എന്തെങ്കിലും പറയുന്നതാണോ കുഴപ്പം? എന്റെ ബെന്നീ, എറണാകുളത്തെ ഹോട്ടലുകളിലെ വില അറിയാമോ, വല്ല നിവൃത്തിയുമുണ്ടോ; എങ്ങനെ ജീവിക്കും? ബഹുമാനപ്പെട്ട ചെയർ അങ്ങ് ശക്തമായി ഇതിൽ ഇടപെട്ട് കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങൾക്കു വേണ്ടി ഈ വിഷയം ഇന്ന് സഭ നിർത്തിവെച്ച് ചർച്ചചെയ്യണം. അന്ന് പ്രതിപക്ഷം അടിയന്തര പ്രമേയം കൊണ്ടുവന്നപ്പോൾ ഞാൻ സഭ നിർത്തിവെച്ച് ചർച്ച ചെയ്യുന്നതിന് ഇഷ്ടംപോലെ സമയം തന്നിരുന്നു. ഇന്ന് ഈ വിലക്കയറ്റം ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ? ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് അപേക്ഷിക്കുന്നു സഭ നിർത്തിവെച്ച് ചർച്ച ചെയ്യാനുള്ള നിർദ്ദേശം കൊടുക്കണം, ഞാൻ അവസാനിപ്പിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയ വിഷയങ്ങളിൽ ഒന്ന്, പദ്ധതി വിഹിതത്തിൽ നിന്നും പ്ലാൻ സ്കീംസ് നടപ്പിലാക്കുന്നത് സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമ്പോള ഇടപെടൽ, നെല്ല് സംഭരണം, റേഷൻ വിഹിതം എന്നീ കാര്യങ്ങൾക്ക് ബഡ്ജറ്റിൽ ലഭ്യമാക്കിയിരിക്കുന്ന എല്ലാ തുകയും

വിനിയോഗിച്ചിട്ടുണ്ട്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചത് പ്ലാൻ സ്കീമിനെക്കുറിച്ചാണ്. അതിനകത്ത് കംപ്യൂട്ടറൈസേഷന്റെ സ്കീം, എന്റ് ടു എന്റ് കംപ്യൂട്ടറൈസേഷൻ സ്കീം എന്നിവയാണ്. പ്ലാൻ സ്കീമിൽ പൂർണ്ണമായും തുക ചിലവഴിക്കാൻ കഴിഞ്ഞിട്ടില്ല, അതാണ് ഇവിടെ ചൂണ്ടിക്കാട്ടിയത്. കംമ്പോള ഇടപെടലിനായി ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. അതിൽ നിന്ന് 1% പോലും ഈ ഗവൺമെന്റ് പിന്നോട്ട് പോയിട്ടില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു വെട്ടിക്കുറവും ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്നിട്ടില്ല. ഇന്ന് എ.പി.എൽ, ബി.പി.എൽ, എ.എ.വൈ. വിഭാഗങ്ങൾക്ക് കൊടുക്കുന്ന വിഹിതം 2011 മുതൽ ഇന്നേ ദിവസം വരെ ഈ ഗവൺമെന്റ് കുറവ് വരുത്തിയിട്ടില്ല, കൃത്യമായി കൊടുക്കുന്നുണ്ട്. 100 ശതമാനവും കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഭക്ഷ്യധാന്യങ്ങൾ എടുക്കുന്ന സംസ്ഥാനമാണ് കേരളം. 100 ശതമാനം കവറേജ് കേരളത്തിന് ഉണ്ട്. ഇതു രണ്ടും കൃത്യമായ നിലയിൽ മുന്നോട്ടുപോകുന്നു. ഇടയ്ക്ക് ബി.ജെ.പി ഗവൺമെന്റ് വന്നതിനുശേഷം റേഷനിൽ വെട്ടിക്കുറവ് വരുന്ന സാഹചര്യം വന്നു. ഞങ്ങൾ അപ്പോൾ തന്നെ കേന്ദ്ര ഗവൺമെന്റുമായി ചർച്ചകൾ നടത്തി വെട്ടിക്കുറച്ച റേഷൻ പുന:സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞു. അതുകൊണ്ടു തന്നെയാണ് 2011 മുതൽ

ഇന്നുവരെ അതേ രീതിയിലുള്ള റേഷൻ ഞങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. മണ്ണെണ്ണയുടെ വിഹിതത്തിൽ കുറവ് വരുത്തി, അത് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തും കുറവ് വരുത്തിയിട്ടുണ്ട്. അത് നിലനിർത്താൻ വേണ്ടി ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ കറന്റുള്ള ഭവനങ്ങൾക്ക് ഒരു ലിറ്ററും, കറന്റില്ലാത്ത ഭവനങ്ങൾക്ക് 4 ലിറ്ററും വരെ കൊടുക്കുന്നുണ്ട്. അതിനകത്ത് വ്യക്തമായ കാര്യകാരണങ്ങൾ ഉണ്ട്. എൽ.പി.ജി. കണക്ഷനും വൈദ്യുതി കണക്ഷനും വർദ്ധിക്കുന്നതനുസരിച്ച് മണ്ണെണ്ണയുടെ വിഹിതം കുറയും, അത് ആർക്കും അറിയാൻ പാടില്ലാത്ത കാര്യമല്ല. അത് അതിന്റേതായ അർത്ഥത്തിൽ കുറവ് വരുത്തുന്നതാണ്. അത് നിലനിർത്തിക്കൊണ്ടുപോകാനുള്ള സാഹചര്യം ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുക്കിയിട്ടുണ്ട്. റേഷൻ അരി വെട്ടിക്കുറവ് വരുത്തി തുടങ്ങിയ കാര്യങ്ങൾ പറയുമ്പോൾ അത് അതിശയോക്തിപരമായി മാറിപ്പോകുന്നു എന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. മാർക്കറ്റ് ഇടപെടലിന് ഈ ഗവൺമെന്റ് വന്നതിനുശേഷം 2010-11-ൽ അങ്ങയുടെ കാലഘട്ടത്തിൽ, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നൽകിയിരുന്ന ............(ബഹളം).............

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട സി. ദിവാകരൻ ഇത് അവതരിപ്പിച്ചപ്പോൾ ഇപ്പുറത്ത് സൈലന്റായിരുന്നു, ഒരു ശബ്ദവും ഉണ്ടായില്ല. ഇപ്പോൾ ബഹുമാനപ്പെട്ട

മിനിസ്റ്റർ അതിന് മറുപടി പറയുകയാണ്, അദ്ദേഹത്തെ മറുപടി പറയാൻ അനുവദിക്കണം. ശ്രീ. എ.കെ. ബാലൻ, ചെയർ പറയുന്നത് ശ്രദ്ധിക്കണം, അങ്ങേയ്ക്ക് ചോദ്യം ചോദിക്കണമെന്നുണ്ടെങ്കിൽ എഴുന്നേറ്റ് മന്ത്രിയോട് ആവശ്യപ്പെടാം, മന്ത്രി അതിന് വഴങ്ങും. അതല്ലാതെ എല്ലാപേരും ഇരുന്നുകൊണ്ട് ബഹളംവെയ്ക്കുന്നത് ശരിയല്ല. ...........(ബഹളം).............

<u>ശ്രീ. അനൂപ് ജേക്കബ്</u>: ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച എല്ലാ കാര്യങ്ങളും ഗവൺമെന്റ് കേട്ടു, അതിനുള്ള മറുപടി എന്താണ് എന്നു കേൾക്കാനുള്ള ഒരു സാമാന്യമര്യാദകൂടി കാണിക്കണം. 2010-11-ൽ കഴിഞ്ഞ ഗവൺമെന്റിന് ഏകദേശം 1 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിൽക്കുവാൻ കഴിഞ്ഞപ്പോൾ, ഈ ഗവൺമെന്റ് വന്ന് 2013-14 ആയപ്പോൾ ആ സബ്സിഡി സാധനങ്ങളുടെ വിൽപ്പന 2,36,000 ടൺ സപ്ലൈകോ മുഖാന്തിരം വിൽപ്പന നടത്തി. ഞാൻ ഈ കണക്കുകൾ സൂചിപ്പിക്കുന്നത്, ഈ ഗവൺമെന്റ് മാർക്കറ്റ് ഇടപെടലിൽ നിന്ന് പിന്നോട്ട് പോയ ഒരു സാഹചര്യവും ഒരു സന്ദർഭവും ഉണ്ടായിട്ടില്ല എന്നുള്ളത് സൂചിപ്പിക്കാനാണ്. നെല്ല് സംഭരണത്തിന്റെ കാര്യം, ഏറ്റവും കാര്യക്ഷമമായി നടത്തുവാൻ കഴിയുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം നെല്ലിന്റെ താങ്ങുവില 4 പ്രാവശ്യം വർദ്ധിപ്പിച്ചു. ഏറ്റവും ഒടുവിൽ 21 രൂപ 50

പൈസയായി വർദ്ധിപ്പിച്ചു കൊടുത്തു. നെല്ല് സംഭരണത്തിനെക്കുറിച്ച് ആക്ഷേപം പറയുമ്പോൾ, ഈ ഗവൺമെന്റ് വന്നതിനുശേഷം സംഭരണ വില വർദ്ധിപ്പിക്കുന്നത് അനുസരിച്ച് കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നു എന്നതാണ്. മാത്രമല്ല കർഷകരെ ഈ മേഖലയിൽ നിലനിർത്തുവാൻ കഴിയുന്ന എന്നുള്ളതാണ്. ഇത് സ്വാഭാവികമായിട്ടും കാർഷിക മേഖലയിൽ കർഷകർ നിലനിൽക്കുവാനും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും ഉള്ള സാഹചര്യം കൊണ്ടുവരാൻ സഹായിക്കും. സംഭരിക്കുന്ന നെല്ല് കുത്തരിയായി 7 ജില്ലകളിൽ വിതരണം ചെയ്യുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 91 ശതമാനം കുത്തരിയുടെ വിതരണം ഏഴ് ജില്ലകളിലുള്ള റേഷൻ കടകൾവഴി വിതരണം ചെയ്യാൻ കഴിഞ്ഞു. ഏറ്റവും കൂടുതൽ ഡൈവേർട്ടഡ് ആയി പോയിക്കൊണ്ടിരുന്ന ഒരു ഇനമായിരുന്നു കുത്തരി. റേഷൻ കടകളിൽ ഈ കുത്തരി എത്തിക്കുവാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ ക്രിയാത്മകമായ ഇടപെടലുകളും പരിശോധനാ സംവിധാനങ്ങളും കാര്യക്ഷമമാക്കിയതിനാലാണ്. സപ്ലൈകോയിൽ 16 എം.ഡി.മാർ വന്നുപോയിയെന്ന് പറഞ്ഞു. അദ്ദേഹംതന്നെ പറയട്ടെ അവർ ആരെല്ലാമായിരുന്നുവെന്നത്. ഈ സർക്കാരിന് സ്ഥിരമായൊരു ഭരണ സംവിധാനമുണ്ട്. ഇ-ടെണ്ടർ സംവിധാനം കൃത്യമായി മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്.

ഏതെങ്കിലും സന്ദർഭങ്ങളിൽ എവിടെയെങ്കിലും വീഴ്ചയുണ്ടായതായി കാണുകയാണെങ്കിൽ ഗവൺമെന്റിന്റെ കൃത്യമായ ഇടപെടൽ കൊണ്ട് അത്തരത്തിലുള്ള സാഹചര്യങ്ങൾ ഒഴിവാക്കാൻ കഴിയുന്നുണ്ട്. സപ്ലൈകോയുടെ പ്രവർത്തനങ്ങൾ സുതാര്യമായി കൊണ്ടുപോകുവാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. സ്ഥായിയായ ഒരു ഭരണ സംവിധാനമില്ലായെന്നുള്ള ആക്ഷേപമുന്നയിക്കേണ്ടതായ ഒരു സാഹചര്യം നിലവിലുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽനിന്ന് ഈ ഗവൺമെന്റ് പിന്നോട്ട് പോയിട്ടില്ല. മൂന്ന് രൂപയ്ക്കാണ് ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം അരികൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ആ സ്കീം നടപ്പിലാക്കുവാൻ ഞങ്ങൾ തയ്യാറാണ്. കേരളത്തിൽ ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് 25 കിലോ അരി കൊടുക്കുന്ന ക്ഷേമ പദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എൻ.എഫ്.എസ്.എ. നടപ്പിലാക്കുന്നതിന് കേരളത്തിന് ആവശ്യമായ സമയം വേണമെന്നുള്ള വിവരം കേന്ദ്ര സർക്കാരിനെ ഞങ്ങൾ അറിയിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളെ പ്രയോറട്ടൈസ് ചെയ്ത്, കൃത്യമായ

ഗുണഭോക്താക്കളെ കണ്ടെത്തുവാൻ കഴിയണം. ആ രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു സർവ്വേകൂടി നടത്തിക്കൊണ്ടിരിക്കുകയാണ്. 2009- ലെ ബി.പി.എൽ. ലിസ്റ്റിനെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പ്രയോറട്ടൈസ് ചെയ്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കണമെങ്കിൽ നടപ്പിലാക്കാമായിരുന്നു. പക്ഷേ 2009-ലെ ബി.പി.എൽ. ലിസ്റ്റ് അപാകതകൾ നിറഞ്ഞതായിരുന്നു. നിയമസഭയിൽത്തന്നെ അതിനെക്കുറിച്ച് ധാരാളം ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അനർഹരായ ഒരുപാട് പേർ അതിൽ കടന്നു കൂടിയിട്ടുള്ളതിനാൽ ആ ലിസ്റ്റ് പൂർണ്ണമായി മാറ്റേണ്ടതായി വന്നു. അതുകൊണ്ട് സ്വാഭാവികമായുള്ള ഇത്തരം വിഷയങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും അതിനനുസൃതമായ സമയം ഞങ്ങൾക്ക് അവർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം വൈകുന്നുവെന്നുള്ളതുകൊണ്ട് കേരളത്തിലെ റേഷൻ സംവിധാനത്തിന് ഒരു തടസ്സവും ഉണ്ടാകുന്നില്ല. ഇവിടെ റേഷൻ വിതരണം കൃത്യമായി നടക്കുന്നുണ്ട്. കേരളത്തിന് ലഭ്യമാകേണ്ട റേഷൻ വിഹിതം കൃത്യമായി വാങ്ങിച്ചെടുക്കുവാനും വിതരണം ചെയ്യാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഹോട്ടലുകളിലെ വില നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബില്ലിനെപ്പറ്റി പറഞ്ഞു. അത്തരത്തിലുള്ള ഒരു ബിൽ ഈ ഗവൺമെന്റിന്റെ പരിഗണനയിൽ വന്നു,

മന്ത്രിസഭ അതിന് അംഗീകാരവും കൊടുത്തു. ആ ബിൽ പബ്ലിഷ് ചെയ്യാൻ പോകുകയാണ്. അത്തരത്തിലുള്ള ഒരു ബിൽ വേണ്ടായെന്നുണ്ടെങ്കിൽ പ്രതിപക്ഷത്തിന് അത് പറയാം. ഹോട്ടലുകളിലെ ഭക്ഷണ വില നിയന്ത്രിക്കേണ്ടായെന്നാണ് അവരുടെ അഭിപ്രായമെങ്കിൽ അവർ അത് പറയട്ടെ. 2002 -ൽ അവരുടെ കാലഘട്ടത്തിൽ ആരംഭം കുറിച്ച ഒരു ഫയലാണത്. ഈ വിഷയത്തെക്കുറിച്ച് ഉപഭോക്തൃകാര്യ വകുപ്പ് പലവട്ടം ചർച്ചകൾ നടത്തിയിട്ടുള്ളതുമാണ്. അത്തരത്തിലുള്ള ഒരു നടപടിയുമായി മുമ്പോട്ട് പോകുമ്പോൾ ഗവൺമെന്റ് ആഗ്രഹിക്കുന്നത് സാധാരണക്കാർക്ക് നീതിയുക്തമായ ഒരു സമീപനം ലഭ്യമാക്കുകയെന്നുള്ളതാണ്. ഒരു വലിയ ജനകീയ ആവശ്യം ഉൾക്കൊണ്ടുകൊണ്ടാണ് ആ നിയമം നടപ്പിലാക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എന്തായാലും അത് ചർച്ചയ്ക്ക് വയ്ക്കേണ്ട ഒരു വിഷയമാണ്. ഞാൻ പറഞ്ഞുവരുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മാർക്കറ്റ് ഇടപെടലുകളിൽ കൃത്യതയും ഏകീകൃതവും കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്, അതിന്റെ ഗുണപരമായ മാറ്റം വിപണിയിൽ ഉണ്ടെന്ന് നിസ്സംശയം പറയാൻ ആഗ്രഹിക്കുകയാണ്. രണ്ടോമൂന്നോ ഐറ്റംസിന്റെ വില വർദ്ധിക്കുമ്പോൾ കേരളത്തിൽ ഉൽപ്പാദനമില്ലായെന്നുള്ള കാര്യവും അദ്ദേഹം പറഞ്ഞു. അതൊരു

പുതിയ കാര്യമല്ല. ഉൽപ്പാദനം ഇവിടെ കുറവാണ്, മറ്റുള്ള സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറയുമ്പോൾ അതിന്റെ വിപരീതഫലം നേരിട്ട് അനുഭവിക്കേണ്ടി വരുന്നത് നമ്മുടെ സംസ്ഥാനമാണ്. അങ്ങനെ വരുമ്പോൾ അതിന്റെ ബുദ്ധിമുട്ടുകൾ സ്വാഭാവികമായും അനുഭവിക്കേണ്ടതായി വരും. ഇത്തരം സന്ദർഭങ്ങളിൽ ഇടപെടലിന് കൂടുതൽ ഇന്റൻസിഫൈ ചെയ്യാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഗവൺമെന്റിന്റെ കൃത്യമായ ഇടപെടലുകളിലൂടെ വില വർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ലായെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ വില കുറച്ചുവെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? 25 കിലോ ലഭിച്ചുകൊണ്ടിരുന്ന അരി 17 കിലോയാക്കി കുറച്ചു. അതുപോലെതന്നെ അട്ടപ്പാടി പോലുള്ള ആദിവാസി മേഖലകളിൽ ലഭിച്ചുകൊണ്ടിരുന്ന അരിയുടെ വിഹിതം 10 കിലോയിൽ നിന്നും 4 കിലോയാക്കി കുറച്ചു. അവർക്ക് ലഭ്യമായിരുന്ന ആട്ടയുടെ അളവും വെട്ടിക്കുറച്ചു. ഒരിടത്തും മണ്ണെണ്ണ കിട്ടാനില്ല. അവർക്ക് നിത്യോപയോഗ

സാധനങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിയിലാണ്.

ശ്രീ. അനൂപ് ജേക്കബ്: അരി ഉൾപ്പെടെയുള്ള സാധനങ്ങൾ എ.പി.എൽ., ബി.പി.എൽ.-കാർക്ക് കൃത്യമായി കിട്ടുന്നുണ്ട്. അങ്ങ് ഉന്നയിച്ച ചില കാര്യങ്ങൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കി നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകും. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. അതിനെ ജനറലൈസ് ചെയ്യരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് മറുപടി പറയാവുന്നതാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : കൺസ്യൂമർ ഫെഡിനെ സംബന്ധിച്ച് അഴിമതിയും അതുപോലുള്ള കാര്യങ്ങളും നിരന്തരം പത്രങ്ങളിൽവന്ന സാഹചര്യത്തിൽ ഗവൺമെന്റ് വളരെ വ്യക്തമായ ചില നടപടികൾ എടുത്തിട്ടുണ്ട്. ആ ഭരണ സമിതിയെ പിരിച്ചുവിടുകയും ചെയ്തു. വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കൺസ്യൂമർ ഫെഡിനെതിരെ ഉന്നയിച്ച ഏതെങ്കിലും കാര്യത്തിൽ അഴിമതിയുണ്ടോയെന്നുള്ള കാര്യങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സഹകരണ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ കമ്മിറ്റിയെ വച്ചിട്ടുണ്ട്. ഇവിടെ

പരാമർശിച്ച കാര്യങ്ങൾ വ്യക്തിപരമായി എനിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കാരണം നല്ലൊരു പ്രസ്ഥാനം മുന്നോട്ട് പോകാൻ പറ്റാത്ത ഒരു സാഹചര്യം വന്നു എന്നുള്ളത്. ഞാൻ അതിനെ ന്യായീകരിച്ച് സംസാരിക്കുകയല്ല. അതോടൊപ്പംതന്നെ ഇതെല്ലാം ഭംഗിയായി നടത്തണമെന്നുമുണ്ട്. ഇപ്പോൾ 797 നന്മ സ്റ്റോറുകളും 231 ത്രിവേണി സ്റ്റോറുകളും നല്ല രീതിയിൽ നടക്കുന്നുണ്ട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : ഇപ്പോൾ 5000 പേരെ പരിച്ചുവിട്ടു എന്നുള്ളത് ശരിയാണോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u> : അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യക്കാരെ നിലനിർത്തിക്കൊണ്ട് അനാവശ്യക്കാരായ ജീവനക്കാരുണ്ടെങ്കിൽ ചിലപ്പോൾ പിരിച്ചുവിടും. അതിനെപ്പറ്റി വ്യക്തമായി അറിയില്ല. ഏറ്റവും അധികം ജനങ്ങളെ സഹായിക്കുന്ന ഒരു വലിയ പ്രസ്ഥാനമാണ് കൺസ്യൂമർ ഫെഡ്. അതിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിച്ച് മുമ്പോട്ടുപോകുവാൻ തീരുമാനിച്ചിരിക്കുകയാണ്. ക്രിസ്തുമസിന് സബ്സിഡിയോടു കൂടിയുള്ള ........

<u>ശ്രീ. ജി. സുധാകരൻ</u> : അങ്ങയോട് ഞാൻ ഇതുവരേയും ഒന്നും ചോദിച്ചിട്ടില്ല. ആത്മാർത്ഥമായി ചോദിക്കുകയാണ്, എ-ഐ ഗ്രൂപ്പ് വഴക്കല്ലേ ഇങ്ങനെയൊരു

സ്ഥാപനം തകർന്നത്? അതോ മറ്റെന്തെങ്കിലും കാരണങ്ങൾ കൊണ്ടാണോ അത് തകർന്നതെന്ന് അങ്ങ് പറയണം. അതിന്റെ തകർച്ചയ്ക്ക് കാരണം സാമ്പത്തിക പ്രശ്നങ്ങൾ ഒന്നുമല്ല. അങ്ങ് അതൊന്ന് പരിശോധിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : അങ്ങ് വളരെ ബുദ്ധിയുള്ള ആളാണ്. അതുകൊണ്ട് അങ്ങ്തന്നെ പരിശോധിച്ച് എന്നോട് പറഞ്ഞാൽ മതി. ഞാൻ ഇത് നന്നാക്കണമെന്ന് ആഗ്രഹിച്ചിരിക്കുകയാണ്. വളരെ വേഗത്തിൽ അത് നന്നാക്കും. ആ കാര്യത്തിൽ എനിക്ക് നിങ്ങളുടെ സഹകരണം വേണം. പാവങ്ങളെ സഹായിക്കുന്ന ഒരു പ്രസ്ഥാനമാണ്. അതിൽ മറ്റൊന്നും പറഞ്ഞിട്ട് കാര്യമില്ല. അഴിമതിയുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ആരാണ് കുറ്റക്കാരെന്ന് കണ്ടെത്തിയാൽ അവരെ ശിക്ഷിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. പാവങ്ങൾക്ക് വേണ്ടിയുള്ള കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കഴിഞ്ഞ കാലത്തേതുപോലെ നല്ലരീതിയിൽ മുമ്പോട്ടുകൊണ്ട് പോകാനുള്ള നടപടികളെടുത്ത് വരുന്നുണ്ട്. അതുപോലെ ഫ്ലോട്ടിംഗ് ത്രിവേണി 5 എണ്ണം വർക്ക് ചെയ്യുന്നുണ്ട്. മൊബൈൽ ത്രിവേണി 140 എണ്ണം ഉള്ളതിൽ 73 എണ്ണം ആയിട്ടുണ്ട്. ബാക്കിയുള്ളവ വാഹനം കേടായതുകൊണ്ട് നിരത്തിലിറക്കാൻ കഴിഞ്ഞിട്ടില്ല. ആ കേട് പരിഹരിച്ച് അടിയന്തരമായി

നിരത്തിലിക്കി നല്ല രീതിയിൽത്തന്നെ മുന്നോട്ട് കൊണ്ടുപോകുവാൻ തീരുമാനിച്ചിരിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇന്ത്യയിലാകമാനം ഉണ്ടായ കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള കാര്യങ്ങൾകൊണ്ട് സംസ്ഥാനത്ത് പച്ചക്കറി വില ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.11.2015-ന് പച്ചക്കറി വിപണനരംഗത്ത് കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി വില നിയന്ത്രണവിധേയമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുകയും ഇതിനുവേണ്ടി 5 കോടി രൂപ സർക്കാർ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും അമര, വെണ്ട, പാവയ്ക്ക, പയർ, മുളക്, പടവലം, കാരറ്റ്, ബീൻസ്, വെള്ളരി, തക്കാളി, സവാള, ചെറിയ ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയ 13 ഇനം പച്ചക്കറികൾക്കാണ് വിലവർദ്ധിച്ചിരിക്കുന്നത്. 70 രൂപ വിലയുണ്ടായിരുന്ന തക്കാളിയുടെ വില 30 രൂപയായി കുറഞ്ഞിട്ടുണ്ട്. ......

(ബഹളം)........ ഇപ്പോൾ പൊതുവിപണിയിൽ 45-ഉം ഹോർട്ടികോർപ്പിൽ 30 രൂപയുമാണ് തക്കാളിയുടെ വില. വില അധികമായി വർദ്ധിച്ചതായി കാണുന്ന മേൽ സൂചിപ്പിച്ച 13 ഇനം പച്ചക്കറികൾക്ക് പ്രത്യേകമായി 30 ശതമാനം സബ്സിഡി നൽകി ഹോർട്ടികോർപ്പിലൂടെ വിലക്കുറവിൽ വിപണനം നടത്തുകയാണ്. ഹോർട്ടികോർപ്പ് 500 വിപണന കേന്ദ്രങ്ങളിലൂടെ 30 ശതമാനം വിലക്കുറവിൽ സംസ്ഥാനത്ത് പച്ചക്കറി വിപണനം നടത്തിവരികയാണ്. ഈ നടപടിക്രമങ്ങൾ 27.11.2015 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഇത്തരം നടപടികൾ സ്വീകരിച്ചതിലൂടെ പൊതുവിപണിയിലും വിലക്കുറവ് അനുഭവപ്പെട്ടുതുടങ്ങിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ ഫലപ്രദമായ ഇടപെടൽമൂലം പഴവർഗ്ഗങ്ങളുടെ വില വർദ്ധിച്ചിട്ടില്ലെന്നുമാത്രമല്ല പഴവർഗ്ഗങ്ങൾക്ക് മുൻവർഷത്തേക്കാൾ വിലക്കുറവ് അനുഭവപ്പെടുകയാണ്. മാർക്കറ്റിൽ വില കൂടാൻ സാദ്ധ്യത കാണുന്നെങ്കിൽ സർക്കാരിന്റെഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഉണ്ടാകും. വിലസ്ഥിരത ഉറപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകണം എന്ന നിർബന്ധമാണ് സർക്കാരിനുള്ളത് . കർഷകനെ സഹായിക്കാനാണ് സർക്കാർ മുന്നോട്ടുവരുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ..., ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി പച്ചക്കറി ഉൽപ്പാദനരംഗത്ത് വന്നിട്ടുണ്ട്. അവർ

ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളടക്കം കേരളത്തിൽത്തന്നെ സംഭരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനം ഉണ്ടാകുമ്പോൾ അൽപ്പം വിലക്കുറവുണ്ടാകും. കർഷകനെ സഹായിക്കാൻ വേണ്ടി മാത്രമാണ്. അത് നമ്മൾ സഹിച്ചേ മതിയാകൂ. അതേസമയം കൂടുതൽ വിലക്കയറ്റമുണ്ടാകുമ്പോൾ അതിനെ പിടിച്ചുനിർത്താൻ ഹോർട്ടികോർപ്പിന്റെ ഇടപെടൽ ഉണ്ടാകും. നാളികേരത്തിന് വിലകുറഞ്ഞപ്പോൾ, ഇന്ത്യയിൽ 10,000 മെട്രിക് ടൺ വെളിച്ചെണ്ണയാണ് ഇറക്കുമതി ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഞങ്ങളെല്ലാവരുംകൂടി ഇടപെട്ടതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് വെളിച്ചെണ്ണ ഇറക്കുമതി നിർത്തിവച്ചിരിക്കുകയാണ്. അങ്ങനെ കേരളത്തിലെ നാളികേര കർഷകനെ സഹായിക്കാനടക്കം ഗവൺമെന്റ് മുന്നോട്ടുവരികയാണ്. പച്ചക്കറി വിപണനരംഗത്തുണ്ടാകുന്ന വിലക്കുറവുതൽ പിടിച്ചുനിർത്താൻ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കൂടുതൽ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻവേണ്ടിയുള്ള ഇടപെടൽ ഹോർട്ടികോർപ്പിന്റേയും സർക്കാരിന്റേയും ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച പ്രമേയത്തിന് ബന്ധപ്പെട്ട മൂന്ന് മന്ത്രിമാരും വിശദമായ മറുപടി നൽകിക്കഴിഞ്ഞു. പക്ഷേ ആവശ്യത്തിന് ഫണ്ട് കൊടുത്തിട്ടില്ലായെന്നുള്ളതാണ് അദ്ദേഹം പറഞ്ഞ

ഒരു പ്രധാന കാര്യം. എന്റെ മറുപടി ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്. അത് പ്ലാൻ എക്സ്പെൻഡിച്ചറാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. നിങ്ങൾ അത് മിക്സ് ചെയ്യരുത്. പ്ലാൻ എക്സ്പെൻഡിച്ചർ അനുസരിച്ച് കമ്പ്യൂട്ടറൈസേഷനുവേണ്ടിയുള്ള തുക, നിങ്ങൾക്ക് അറിയാമല്ലോ കമ്പ്യൂട്ടറൈസേഷൻപോലുള്ള കാര്യങ്ങൾ വരുന്ന സമയത്ത് മുഴുവൻ നടപടിക്രമങ്ങളും പാലിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അതിനകത്ത് ചെലവഴിച്ചില്ല എന്നുപറഞ്ഞത് മാർക്കറ്റ് ഇന്റർവെൻഷനുമായി കൂട്ടിക്കുഴയ്ക്കരുത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011-12 മുതൽ 2015-16 വരെ 503 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്തുകഴിഞ്ഞു. 35 കോടി രൂപ സാംഗ്ഷൻ ചെയ്തിരിക്കുകയാണ്. നിങ്ങളുടെ കാലത്ത് 5 കൊല്ലംകൊണ്ട് കൊടുത്തത് 344 കോടി രൂപയാണ്. ഞാൻ പറഞ്ഞത് ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല, അനുവദിക്കുന്ന ......... ഞാനൊന്ന് പറഞ്ഞോട്ടെ. അനുവദിച്ച തുകപോലും ചെലവഴിക്കുന്നില്ല എന്നൊക്കെയാണ് നിങ്ങൾ പറഞ്ഞത്. നെല്ല് സംഭരണത്തിനല്ലാതെ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ 503 കോടിരൂപ കൊടുത്തുകഴിഞ്ഞു. ഇതുകൂടാതെ 35 കോടിരൂപ സാംഗ്ഷൻ ചെയ്തു. കൺസ്യൂമർഫെഡിന് 254.5 കോടിരൂപ കൊടുത്തു.

25 കോടിരൂപകൂടി ഇപ്പോൾ സാംഗ്ഷൻ ചെയ്തിട്ടുണ്ട്. അതുടനെ കൊടുക്കും. ഹോർട്ടികോർപ്പിന് 39.5 കോടി രൂപ കൊടുത്തു. ഇപ്പോൾ കൃഷി വകുപ്പുമന്ത്രി പറഞ്ഞതുപോലെ പച്ചക്കറിക്ക് വില കൂടുതൽ എന്നുകണ്ടപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് കോൺഫറൻസ് നടത്തി. വില കൂടുതൽ എന്നുകണ്ട പത്തിനം സാധനങ്ങൾക്ക് 30 ശതമാനം വില കുറച്ചുകൊടുക്കാൻവേണ്ടി 39.5 കോടിരൂപയ്ക്കുപുറമെ 5 കോടിരൂപകൂടി അനുവദിച്ചു. 15.12.2015-ൽ പച്ചക്കറിയുടെ വില സംബന്ധിച്ച് വീണ്ടും റിവ്യൂ നടത്തി കൂടുതൽ തുക കൊടുക്കേണ്ടിവന്നാൽ അതും കൊടുക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇത് പറഞ്ഞത് വിലക്കയറ്റമില്ലെന്നോ അതിന്റെപേരിൽ യാതൊരു ബുദ്ധിമുട്ടുമില്ലെന്നോ പറയാൻ വേണ്ടിയല്ല. ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങളും വിമർശനങ്ങളും ഞങ്ങൾ ഉൾക്കൊള്ളും. നിത്യോപയോഗസാധനങ്ങൾ വില കുറച്ച് ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമോ അതെല്ലാം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ് എന്നുകൂടി അറിയിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ അങ്ങയുടെ സ്റ്റേറ്റ്മെന്റ് തിരുത്തുകയാണ്.

അങ്ങയുടെ ഗവൺമെന്റിന്റെ ഉത്തരവ് എന്റെ കയ്യിലുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് " Food and Civil Supplies Department, Kerala State Civil Supplies Corporation, payment of Rs. 20 crores.- ഈ ജി.ഒ. ഇറങ്ങിയിരിക്കുന്നത് 17.11.2011-ലാണ്. അതിന്റെ കണ്ടീഷൻ ഇതാണ്- " With the condition that since the subsidy amount is limited, the Corporation has to adjust the selling price of the commodities based on the subsidy amount available only in the budget" . ഇതുകാരണമാണ് വില കൂടിയത്. 500 കോടിരൂപ കൊടുത്തുവെന്ന് അങ്ങ് പറയുന്നു. 20 കോടിരൂപ കൊടുത്തതിൽത്തന്നെ കണ്ടീഷൻ വച്ചിരിക്കുകയാണ്. ഇതിനുള്ളിൽ വേണം വില നിശ്ചയിക്കാൻ എന്നുപറഞ്ഞാൽ വിലകൂട്ടുക എന്നാണ് അർത്ഥം. ഇതാണ് സപ്ലൈകോ എല്ലാ സാധനങ്ങൾക്കും 30 ശതമാനം വില കൂട്ടിയത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇവിടെ ബഡ്ജറ്റ് വച്ചല്ല മുഴുവൻ തുകയും കൊടുത്തത്. ഒരു പോർഷൻ മാത്രമേ ബഡ്ജറ്റ് വച്ച് കൊടുത്തിട്ടുള്ളൂ. അതിനുപുറമെ ഹോർട്ടികോർപ്പിന് കഴിഞ്ഞ ആഴ്ച 5 കോടി രൂപ അനുവദിച്ചു. 15-ാം തീയതി റിവ്യൂ ചെയ്ത് ആവശ്യമുണ്ടെങ്കിൽ വീണ്ടും തുക അനുവദിക്കും. അത് ബഡ്ജറ്റിൽ വച്ചിട്ടല്ല. അഡീഷണൽ ആതറൈസേഷൻ കൊടുത്ത് തുക അനുവദിക്കുകയാണ്.

നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നുള്ളത് ഏറ്റവും കൂടുതൽ പ്രയോറിറ്റി കൊടുക്കുന്ന കാര്യമാണ്. അത് തുടർന്നും കൊടുക്കും. നിങ്ങളിവിടെ കൊണ്ടുവന്ന അടിയന്തര പ്രമേയം അനാവശ്യമാണെന്നോ വിലക്കയറ്റമില്ലെന്നോ ഒന്നും പറയുന്നില്ല. വിലക്കയറ്റം കുറയ്ക്കുന്നതിന് പരമാവധി കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് നാമെല്ലാവരുംകൂടി ശ്രമിക്കേണ്ടത്. അതിന് ഗവൺമെന്റ് തയ്യാറാണ്. ഇതുസംബന്ധിച്ച് നിങ്ങൾക്ക് എന്ത് നിർദ്ദേശമുണ്ടെങ്കിലും സമർപ്പിക്കാം.

ശ്രീ. എസ്. ശർമ്മ: സർ, വിലക്കയറ്റം വളരെ രൂക്ഷമാണെന്നുള്ളത് സർവ്വരും സമ്മതിക്കുന്നു. സാധാരണഗതിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പബ്ലിക് സെക്ടറിലുള്ള ഇടപെടലാണ് മാവേലി സ്റ്റോറുകൾ വഴി സാധനങ്ങൾ നൽകുന്നതിലൂടെ നടത്തുന്നത്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ സമയത്ത് ഒരിക്കൽപ്പോലും സബ്സിഡി ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള 13 സാധനങ്ങൾക്ക് ഒരു നയാപൈസ കൂട്ടിയിട്ടില്ല. അങ്ങയുടെ ഗവൺമെന്റ് രണ്ടു പ്രാവശ്യം, ഇക്കഴിഞ്ഞ നവംബർ 1-നുപോലും മാവേലി സ്റ്റോർവഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് വില കൂട്ടി. അപ്പോൾ വേലിതന്നെ വിളവ് തിന്നുന്ന സ്ഥിതി വന്നിരിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളിൽ ചില മാറ്റങ്ങൾ കൊണ്ടുവന്നു. മൂന്നിനം അരി പൂർണ്ണമായും സബ്സിഡൈസ്ഡ് എലമെന്റിൽ ഉൾപ്പെടുത്തിയെന്നുള്ളതാണ് അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 13 ഇനം സബ്സിഡി സാധനങ്ങളിൽ മൂന്നിനം അരി ഉൾപ്പെടുത്തിയത്. ഇതിനുപുറമെ വെളിച്ചെണ്ണ ഉൾപ്പെടുത്തി. ഇവരുടെ കാലഘട്ടത്തിൽ 13 സബ്സിഡി സാധനങ്ങളുടെ ലിസ്റ്റിൽ വെളിച്ചെണ്ണ ഉണ്ടായിരുന്നില്ല. അങ്ങനെ സബ്സിഡി സാധനങ്ങളുടെ ലിസ്റ്റിൽ ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവന്നു. കടുക്, ഉലുവ, ജീരകം എന്നിവ സബ്സിഡി നിരക്കിൽ കൊടുക്കുന്നതുകൊണ്ട് ജനങ്ങൾക്ക് എന്ത് പ്രയോജനമാണ് ലഭിക്കുന്നത്; .........(ബഹളം).......... ജീരകവും കടുകും ഉലുവയുമൊക്കെ ഒരു വീട്ടിൽ എത്രമാത്രം ഉപയോഗിക്കും; അതുകൊണ്ട് അത്തരം സാധനങ്ങൾ മാറ്റി കൂടുതൽ ഉപയോഗിക്കുന്ന അരി, വെളിച്ചെണ്ണ എന്നിവ ഉൾപ്പെടുത്തി. ജനങ്ങൾക്ക് ആവശ്യമാണ് എന്നുകണ്ടുകൊണ്ടാണ് 13 ഇനം സബ്സിഡി സാധനങ്ങളുടെ ലിസ്റ്റിൽ മാറ്റം വരുത്തി റീഓർഗനൈസ് ചെയ്തെടുത്തത്. വില വർദ്ധിപ്പിച്ചു എന്നു പറയുന്നു, ഏകദേശം 10 വർഷങ്ങൾക്കുശേഷമാണ് നാല് സാധനങ്ങളുടെ വില

വർദ്ധിപ്പിച്ചത്. വില വർദ്ധിപ്പിച്ചതിലൂടെ പ്രസ്തുത സാധനങ്ങളുടെ ലഭ്യത കൂടുതൽ ഉറപ്പുവരുത്തുക എന്നുള്ളതാണ് ലക്ഷ്യംവച്ചത്. മാത്രമല്ല കോർപ്പറേഷന്റെ നിലനിൽപ്പും അനിവാര്യമായ ഒന്നാണ്. അരിയും വെളിച്ചെണ്ണയും സബ്സിഡി ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ സബ്സിഡിയുടെ quantity കൂടുകയാണ്. ജീരകത്തിനും ഉലുവയ്ക്കും കൊടുക്കുന്ന സബ്സിഡി അല്ല അരിക്കും വെളിച്ചെണ്ണയ്ക്കും കൊടുക്കേണ്ടിവരുന്നത്. സബ്സിഡി എലമെന്റിന്റെ quantity കൂടുകയാണ്. അതുകൊണ്ടുതന്നെ അതിന്റേതായ മാറ്റങ്ങൾ കൊണ്ടുവന്നു. സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ ആദ്യമേ പറഞ്ഞു, നിങ്ങൾക്ക് Economic and Statistics Department-ന്റെ കണക്കുകൾ പരിശോധിക്കാം. അത് പരിശോധിച്ചാൽ അരിയുടെ വില വർദ്ധിച്ചിട്ടില്ല എന്നു കാണാൻ കഴിയും. വില വർദ്ധിക്കാതിരിക്കുന്നതിന് പ്രധാന കാരണം ഗവൺമെന്റിന്റെ ഇടപെടൽ തന്നെയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി, ശ്രീ. എസ്. ശർമ്മ ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. അല്ലാതെ മന്ത്രി ഒരു പ്രസംഗം നടത്തിയതല്ല. മാർക്കറ്റ് ഇന്റർവെൻഷനിൽ പ്രായോഗികമായൊരു സമീപനമാണ് സർക്കാർ എടുത്തിരിക്കുന്നത്. ഒരിക്കലും ഇംപ്ലിമെന്റ് ചെയ്യാൻ പറ്റാത്തൊരു വില

വച്ചുകൊണ്ട് സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. അതേസമയം ക്വാണ്ടിറ്റി കൂട്ടി, മാർക്കറ്റ് ഇന്റർവെൻഷൻ പ്രായോഗികമായി ഇഫക്ടീവാക്കുക എന്ന സമീപനമാണ് സർക്കാർ എടുത്തിരിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, തൃപ്തികരമായൊരു സ്വയം വിമർശനം അങ്ങയിൽനിന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ ചോദ്യം ചോദിക്കുന്നത്. ഏറ്റവും നന്നായി പ്രവർത്തിച്ചുകൊണ്ടിരുന്ന കൺസ്യൂമർ ഫെഡിന്റെ സ്ഥിതി അങ്ങേയ്ക്കും അറിയാവുന്നതാണ്. ക്രിസ്തുമസ്, വിഷു, റംസാൻ, ബക്രീദ്, ഓണം എന്നീ അഞ്ച് വിശേഷാൽ ദിവസങ്ങളിലായി ആറുമാസം 14 രൂപയ്ക്ക് അരി, 20 രൂപയ്ക്ക് പഞ്ചസാര എന്നിങ്ങനെയാണ് ആ സ്ഥാപനങ്ങളിൽനിന്ന് സാധനങ്ങൾ കൊടുത്തുകൊണ്ടിരുന്നത്. ഇപ്പോൾ ആ സ്ഥാപനങ്ങളുടെ സ്ഥിതി എന്താണെന്നുള്ളത് എനിക്കറിയാം. ഈ സ്ഥാപനങ്ങൾ നശിക്കാനുള്ള കാര്യത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആലോചിച്ചശേഷം മറുപടി പറയാമെന്നാണ് പറഞ്ഞത്. കോൺഗ്രസ്സിന്റെ രണ്ടുഗ്രൂപ്പുകൾ തമ്മിൽ പരസ്പരം ആരോപണങ്ങൾ ഉന്നയിച്ചതിന്റെ ഫലമായിട്ടാണ് അഴിമതികളുണ്ടായതെന്ന് പത്രമാധ്യമങ്ങളിൽനിന്നും അറിയാൻ സാധിച്ചു. അങ്ങേയ്ക്ക് അതിൽ സ്വയം വിമർശനം നടത്താൻ പാടില്ലേ; വാസ്തവത്തിൽ അങ്ങനെയല്ലേ ഉണ്ടായത്? അവിടെ

അഴിമതി നടന്നിട്ടുണ്ടെന്ന് ഞാൻ അങ്ങയോട് ആത്മാർത്ഥമായി പറയുകയാണ്. ഈ രണ്ടുഗ്രൂപ്പുകൾക്കിടയിൽ പരസ്പരം അഴിമതി ആരോപണം നടത്തിയ പ്രശ്നങ്ങളുടെ പേരിൽ അതിനെ തടയാൻ കെ.പി.സി.സി. പ്രസിഡന്റിനും ഗവൺമെന്റിനും കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണല്ലോ നിങ്ങൾക്ക് ഈ ദുഷ്പേരുണ്ടായത്. അങ്ങ് സ്വയംവിമർശനം നടത്താമോ എന്ന് ഞാൻ ആത്മാർത്ഥമായി ചോദിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞുകഴിഞ്ഞു. ഇന്നും ഇന്നലെയും അവിടെ നടന്ന എല്ലാ അഴിമതിയെക്കുറിച്ചും അന്വേഷിക്കും, ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരെയും നടപടിയുണ്ടാകും.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

ചെയർ ഒരു കാര്യം പറയട്ടെ. മറ്റ് അടിയന്തര പ്രമേയങ്ങളിൽനിന്ന് വ്യത്യസ്തമായി 'നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം' എന്ന വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം നാല് മന്ത്രിമാർ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മറുപടി പറയുകയുണ്ടായി. പ്രതിപക്ഷത്തുനിന്നുള്ള മുഴുവൻ ചോദ്യങ്ങളും അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും

ബഹുമാന്യരായ മറ്റുമന്ത്രിമാരുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ സർക്കാരിന്റെ ജനവിരുദ്ധ നടപടികളെ സംബന്ധിച്ച് പറയാൻ മലയാള ഭാഷയിൽ വാക്കുകൾ പോര. കാരണം അഴിമതി കേസ്സുകൾ അട്ടിമറിക്കൽ, ഖജനാവ് കൊള്ളയടിക്കൽ, നിയമത്തെയും ഭരണഘടനയെയും വെല്ലുവിളിക്കൽ, കള്ളങ്ങൾ മാത്രം പറയുകയും ചെയ്യുകയും പാടുള്ളൂവെന്നുള്ള നയം, സ്വജനപക്ഷപാതം എന്നിങ്ങനെ പോകുന്നു ശ്രീ. ഉമ്മൻ ചാണ്ടി ഭരണത്തിന്റെ ഗുണവതികാരങ്ങൾ. ഇതുമാത്രമല്ല, ജനങ്ങളെ ദ്രോഹിക്കുന്ന ഒട്ടനവധി നടപടികളാണ് ശ്രീ. ഉമ്മൻചാണ്ടി സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം, വ്യവസായം, ആരോഗ്യം, ആഭ്യന്തരം, കുടിവെള്ളം തുടങ്ങിയവയൊക്കെ ഭരിച്ച് മുടിച്ചവരാണല്ലോ ഇവർ? ഇതിൽ ഏറ്റവും ഗുരുതരമായത് കേരളജനത അനുഭവിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമാണ്. വിലക്കയറ്റമെന്നുപറഞ്ഞാൽ മതിയോ? വിലക്കയറ്റത്തിന്റെ തീവ്രത വരച്ചുകാട്ടാൻ കവി പാടിയതുപോലെ 'ഇങ്ങ് ഭാഷയിത് അപൂർണ്ണം, ഇങ്ങ് ഭാഷയിത് അപൂർണ്ണം' എന്നല്ലാതെ എന്തുപറയാനാണ്?

അത്രയേറെ ഭീകരമല്ലേ ഇപ്പോഴത്തെ വിലക്കയറ്റം? ഒരു കിലോ ഉഴുന്നിന് വില 220/- രൂപയാണ്. ഒരു കിലോ പച്ചരിക്ക് വില 40/- രൂപയുമാണ്. ഈ വിലയ്ക്ക് നാലുപേരടങ്ങുന്ന ഒരു വീട്ടിൽ എത്ര ദോശ ഉണ്ടാക്കാൻ കഴിയും? ഏറിയാൽ 30 എണ്ണം. ചെറുപ്പക്കാരായ കുട്ടികളാണെങ്കിൽ ചമ്മന്തി കൂട്ടി 10 എണ്ണം കഴിച്ചുതീർക്കും. ജോലിക്കുപോകുന്ന ഭർത്താവിന് അഞ്ചാറെണ്ണമെങ്കിലും കൊടുക്കണ്ടേ? പാവം വീട്ടമ്മയ്ക്കുകഴിക്കാൻ ദോശ ഉണ്ടാകുമോ? ഇതാണ് ഒരു ശരാശരി കുടുംബത്തിന്റെ അവസ്ഥ. കൂലിപ്പണിക്കുപോയാൽ കിട്ടുന്നത് 500/- രൂപയാണ്. ഈ പണംകൊണ്ട് ഒരു കുടുംബത്തിന് മൂന്നുനേരവും ആഹാരം കഴിക്കാൻ കഴിയുമോ? ഉള്ളതുവച്ച് എന്തെങ്കിലും ഉണ്ടാക്കി മക്കൾക്കും ഭർത്താവിനും കൊടുത്തശേഷം കേരളത്തിലെ വീട്ടമ്മമാർ അർദ്ധപട്ടിണിയിൽ കഴിയുന്ന അവസ്ഥയാണ് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണത്തിൽ സംജാതമായിരിക്കുന്നത്. ഇത്തരത്തിലൊരു അവസ്ഥ ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? 1930-കളിലെ ഭക്ഷ്യക്ഷാമത്തിന് തുല്യമായ അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. രണ്ട് ആദിവാസി കുട്ടികൾ ചവർ കൂനയിൽനിന്ന് ആഹാരം കഴിക്കുന്നത് കേരളത്തിലെ ജനങ്ങൾ കണ്ടതല്ലേ? ആദിവാസി ഭരണം നടത്തുന്ന മന്ത്രിക്കും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിക്കും ഇതുകണ്ട് യാതൊരു ഉളുപ്പും

ഉണ്ടായിട്ടില്ല; മനസ്സ് കരിങ്കൽകൊണ്ട് ഉണ്ടാക്കിയിട്ടുള്ളതുകൊണ്ടാണോ? കഴിഞ്ഞ ആഴ്ച രണ്ട് പിഞ്ചുകുട്ടികൾ സ്കൂളിൽനിന്ന് കിട്ടിയ ചോറുമായി സ്വന്തം അമ്മയെ ഊട്ടാൻ വരുന്ന കാഴ്ചയും കേരളത്തിലെ ജനങ്ങൾ കണ്ടതല്ലേ? ഇതുകണ്ട് കരുണയുള്ള നാട്ടുകാർ കരളലിഞ്ഞ് അവർക്ക് സഹായവാഗ്ദാനവുമായി പോയി. ശ്രീ. ഉമ്മൻ ചാണ്ടി ഇത് കണ്ടിട്ടുണ്ടോ? ദിനംപ്രതിയെന്നോണം സാധനങ്ങളുടെ വില കുതിച്ചുയരുമ്പോൾ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന് സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. പൊതുവിതരണ സംവിധാനം ആകെ തകർത്തുകൊണ്ട് ജനങ്ങൾക്ക് ഇരട്ടപ്രഹരം നൽകുയാണ്. ഇതിന് ഒരു മന്ത്രിയുണ്ട്. നിയമസഭയിൽ എന്തെങ്കിലും ചോദിച്ചാൽ നെടുനെടായെന്ന് എഴുന്നേറ്റുനിന്ന് എന്തെങ്കിലും വിളിച്ചുപറയും. അപ്പോൾ സാക്ഷാൽ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ രക്ഷയ്ക്കായി വരും. അഴിമതിയുടെ കൂത്തരങ്ങാണ് സിവിൽ സപ്ലൈസ് വകുപ്പ്. സ്ഥലംമാറ്റത്തിന് കോഴ, റേഷൻ അരി മറിച്ചുവിറ്റ് കോഴ എന്നിങ്ങനെ.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ..... ഇത് അടിയന്തരപ്രമേയത്തിനുള്ള വാക്കൗട്ട് പ്രസംഗമാണ്. പുതുതായി ഉന്നയിക്കുന്ന ആരോപണങ്ങൾ ഒഴിവാക്കുക.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നേരത്തെ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്

ഞാൻ പറയുന്നത്. മുഖ്യമന്ത്രി പറഞ്ഞതിനെക്കാളും സഹികെട്ടാണ് ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ ഇരിക്കുന്നതെന്ന് മനസ്സിലായി. ചില കാര്യങ്ങൾ പറയട്ടെ. റേഷൻ അരി മറിച്ചുവിറ്റ് കോഴ എന്നിങ്ങനെ പോകുന്നു ഈ വിദ്ധ്വാന്റെ ഭരണം. പണ്ടൊക്കെ റേഷൻ കടയിൽ ക്യൂ ആയിരുന്നു. ഇപ്പോൾ റേഷൻകട തുറന്നുവച്ച് ഈച്ചയടിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ മൂന്നുംനാലും ഇരട്ടി വിലവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2006-2011-ലെ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് വിലനിലവാരം പിടിച്ചുനിർത്താൻ സ്വീകരിച്ചിട്ടുള്ള എല്ലാ നടപടികളും കാറ്റിൽപ്പറത്തി. പൊതുവിതരണം, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നിവ അപ്പാടെ കട്ടുമുടിച്ച് ജനങ്ങളെ കഷ്ടത്തിലാക്കുന്ന സമീപനമാണ് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമേറ്റ നാൾമുതൽ നടത്തിവരുന്നത്. അത് ഓരോ വർഷം കഴിയുംതോറും ശക്തിപ്പെട്ടുവരികയും ഇപ്പോൾ എല്ലാ സീമകളും ലംഘിച്ച് ഉയർന്നിരിക്കുകയുമാണ്. പലവിധ കാരണങ്ങൾകൊണ്ട് വിലക്കയറ്റം ഉണ്ടാകുമ്പോൾ അത് പിടിച്ചു നിർത്താനും ജനങ്ങൾക്ക് ആശ്വാസം പകരാനും എൽ.ഡി.എഫ്. സർക്കാരുകളുടെ കാലത്ത് പൊതുവിതരണ സംവിധാനം ഫലപ്രദമായി ഉപയോഗിച്ചിരുന്നു. മന്ത്രിയുടെ നേതൃത്വത്തിൽ മറ്റുസംസ്ഥാനങ്ങളിൽ പോയി

സാധനങ്ങൾ വാങ്ങി, സബ്സിഡികൾ നൽകി കുറഞ്ഞ വിലയ്ക്ക് അക്കാലത്ത് ജനങ്ങൾക്ക് നൽകിയിരുന്നു. സപ്ലൈകോ, കൺസ്യൂമർഫെഡ്, നീതി, നന്മ സ്റ്റോറുകൾ എന്നിവയെല്ലാം ശക്തിപ്പെടുത്തിയും ആഘോഷ വേളകളിൽ പ്രത്യേക ചന്തകൾ നടത്തിയും എൽ.ഡി.എഫ്. സർക്കാർ വിലക്കയറ്റം നിയന്ത്രിച്ചിരുന്നു. എന്നാൽ ഉമ്മൻ ചാണ്ടി സർക്കാർ അഴിമതി നടത്തുന്നതിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനായി ഒന്നും ചെയ്യാൻ അവർക്ക് സമയമില്ല. സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സാധനങ്ങളൊന്നും കിട്ടാനില്ല. കിട്ടുന്ന പല സാധനങ്ങൾക്കും പൊതുവിപണിയിലുള്ളതിനേക്കാൾ വിലയാണെന്ന കാര്യം മാധ്യമങ്ങൾതന്നെ പുറത്തുകൊണ്ടുവന്നിട്ടുള്ളതാണ്. കൺസ്യൂമർഫെഡ് അഴിമതിയിൽ മുങ്ങിത്താഴ്ന്ന് പൂട്ടിക്കെട്ടുന്ന അവസ്ഥയിലാണ്. കൺസ്യൂമർഫെഡ് എം.ഡി. ആയിരുന്ന ആൾ പുറത്തുകൊണ്ടുവരുന്ന അഴിമതികൾ അന്വേഷിക്കാൻ ശ്രീ.രമേശ് ചെന്നിത്തലയുടെ പോലീസ് തയ്യാറാകുന്നില്ല; എന്താണ് കാരണം? വകുപ്പുമന്ത്രിയും ചെയർമാനും സ്വന്തം ഗ്രൂപ്പുകാരനല്ലേ. ഓരോ വകുപ്പും ഗ്രൂപ്പടിസ്ഥാനത്തിൽ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഹോർട്ടി കോർപ്പ് കച്ചവടക്കാരുമായി ഒത്തുകളിച്ച് ജനങ്ങളെ കബളിപ്പിക്കുന്നു. ചാല മാർക്കറ്റിൽനിന്ന് പച്ചക്കറികൾ

വാങ്ങി കൂടിയ വിലയ്ക്ക് ഹോർട്ടി കോർപ്പ് വിൽക്കുന്നുവെന്നത് കഴിഞ്ഞ ദിവസം മാധ്യമങ്ങൾതന്നെ പുറത്തുകൊണ്ടുവന്നിട്ടുള്ളതാണ്. രണ്ട് കിലോ ഓറഞ്ച് 100 രൂപയ്ക്ക് ലഭിക്കുമെന്ന് വഴിയോര കച്ചവടക്കാർ ബോർഡ് വച്ചിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പുമന്ത്രിയുടെ ഹോർട്ടി കോർപ്പിൽ ഒരു കിലോ ഓറഞ്ചിന് 60 രൂപയാണ്. ഇതാണ് നമ്മുടെ കൃഷി വകുപ്പുമന്ത്രിയുടെ ജാലവിദ്യ. ഓണക്കാലത്ത് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ വിഷമില്ലാത്ത പച്ചക്കറി ഉൽപ്പാദിപ്പിച്ച് ഹോർട്ടി കോർപ്പ് വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് വിറ്റത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഓർക്കുന്നില്ലേ? ഇതിനൊക്കെ ഒരു ഭാവനയും കേരളത്തിലെ ജനങ്ങളോട് പ്രതിബദ്ധതയും വേണം. അതല്ലേ ഈ സർക്കാരിന് ഇല്ലാത്തതും. ജയലളിത അഴിമതിക്കാരിയാണെങ്കിലും തമിഴ്നാട്ടിൽ നിത്യോപയോഗ സാധനങ്ങളെല്ലാം വില കുറച്ച് നൽകുന്നതിൽ അവർ ശ്രദ്ധിക്കുന്നുണ്ടെന്നാണ് വാർത്തകൾ പറയുന്നത്. അവിടെ 'അമ്മ-ഉണവകം' എന്ന പേരിൽ ഹോട്ടലുകളുണ്ട്. അവിടെ ചായയ്ക്ക് 3 രൂപയും തൈര് സാദത്തിന് 5 രൂപയും സാമ്പാർ സാദത്തിന് 6 രൂപയുമാണ്. അത് വാങ്ങിക്കഴിച്ച് ഏമ്പക്കംവിട്ട് നടക്കുന്ന തമിഴരെയാണ് അവിടെ കാണാൻ സാധിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി, അങ്ങ് അഴിമതിയിൽ ഡോക്ടറേറ്റ് എടുത്ത ആളാണ്. എന്തേ നിങ്ങൾ ജയലളിതയെയെങ്കിലും കണ്ട് പഠിക്കില്ലേ?

നിങ്ങൾക്ക് സ്വന്തം കീശ വീർപ്പിക്കുന്നതിൽ മാത്രമേ താൽപ്പര്യമുള്ളൂ. ഇത്തരം കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാനാണ് ഞങ്ങൾ അടിയന്തരപ്രമേയത്തിന് അനുമതി തേടിയത്. എന്നാൽ ജനങ്ങളെ ബാധിക്കുന്ന ഒരു കാര്യത്തിലും നിങ്ങൾക്ക് താൽപ്പര്യമില്ലെന്ന് അറിയാം. അതുകൊണ്ടാണല്ലോ അടിയന്തരപ്രമേയത്തിന് നിങ്ങൾ അനുമതി നിഷേധിച്ചത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വിലക്കയറ്റത്തെ സംബന്ധിച്ച് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ മുഖ്യമന്ത്രി ഉൾപ്പെടെ നാല് മന്ത്രിമാർ മത്സരിച്ച് മറുപടി പറഞ്ഞതിന്റെ അർത്ഥം തന്നെ വിലക്കയറ്റം അതിരൂക്ഷമാണ് എന്നതിന്റെ സമ്മതമായിരുന്നു. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ചയ്ക്ക് മാത്രം തയ്യാറല്ല, എത്ര വേണമെങ്കിലും അത് സമർത്ഥിക്കാൻ അവർ ശ്രമിക്കുകയും ചെയ്തു. ഒരു തീരുമാനമെടുക്കാൻ മാത്രം ഗവൺമെന്റ് സന്നദ്ധമല്ല എന്നതാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യം. ഇവിടെ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി വില നിയന്ത്രിക്കാൻ

ഇനി എന്ത് നടപടി സ്വീകരിക്കും എന്നുമാത്രം പറഞ്ഞില്ല. മാവേലി സ്റ്റോറുകൾ എത്ര തവണ വില വർദ്ധിപ്പിച്ചു എന്ന ചോദ്യത്തിനും അദ്ദേഹം മറുപടി പറയാതെ ഭംഗ്യന്തരേണ മറ്റ് പല കാര്യങ്ങളും പറഞ്ഞ് ഒഴിയുകയാണ് ചെയ്തത്. മാവേലി സ്റ്റോർ എന്ന സംവിധാനം തന്നെ മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായുണ്ടാക്കിയതാണെന്ന് എല്ലാവർക്കും അറിയാം. പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറയുന്നത് മാവേലി സ്റ്റോറിലെ വില നിർണ്ണയിക്കുന്നതെങ്ങനെയാണെന്ന് അദ്ദേഹം വിശദീകരിക്കാമെന്നാണ്. മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ 20 ശതമാനം വില കുറച്ച് കൊടുക്കുമെന്നതാണ് അദ്ദേഹം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന വിശദീകരണം. ഇപ്പോൾ മാർക്കറ്റിൽ ക്രമാതീതമായി വില വർദ്ധിക്കുന്നതിനും തടസമില്ല എന്നതിന്റെ സമ്മതം കൂടിയാണിത്. മാർക്കറ്റിൽ എത്ര വർദ്ധിച്ചാലും അതിന്റെ 20 ശതമാനം കുറച്ചുകൊടുക്കും. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 13 ഇനം സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ 5 വർഷക്കാലം വിതരണം ചെയ്തതുമായി ബന്ധപ്പെടുത്തി നോക്കിയാൽ ഇപ്പോൾ ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അതിൽനിന്നും തികച്ചും വ്യത്യസ്തമാണെന്ന് കാണാൻ കഴിയും.

പച്ചക്കറിയുടെ കാര്യത്തിൽ, ഹോർട്ടി കോർപ്പൊക്കെ പ്രഖ്യാപനം നടത്താനുള്ള സംവിധാനങ്ങൾക്കപ്പുറത്ത് കേരളത്തിൽ എല്ലാ സ്ഥലങ്ങളിലും അതിന്റേതായ ഒരു തരത്തിലുള്ള ഇടപെടലും ഉണ്ടാകുന്നില്ല എന്നത് വസ്തുതയാണ്. ഏട്ടിലെ പശു പുല്ല് തിന്നുകയില്ലല്ലോ. അതുപോലെ ഇത് ജനങ്ങളിലേയ്ക്ക് എത്തിക്കാനാവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വിലക്കയറ്റത്തിന്റെ രൂക്ഷതയിൽ നമ്മുടെ നാട് പട്ടിണിയിലേയ്ക്ക് പോകുകയാണ്. ആദിവാസി കുട്ടികൾ മാലിന്യക്കുമ്പാരങ്ങളിൽനിന്ന് ഭക്ഷണം ചികഞ്ഞെടുത്ത് ഭക്ഷിക്കുന്നത് കാണേണ്ടിവന്ന നമ്മുടെ നാട്ടിൽ വിലക്കയറ്റമില്ല, പട്ടിണിയും ദാരിദ്ര്യവുമില്ല എന്ന് പറഞ്ഞാൽ എങ്ങനെയാണ് സമ്മതിച്ചുകൊടുക്കാൻ കഴിയുക. അങ്ങനെയൊരു നാണംകെട്ട അവസ്ഥ കേരളത്തിലുണ്ടായത് ഇപ്പോഴല്ലേ? ഇതിനുമുമ്പ് എപ്പോഴെങ്കിലും ഇങ്ങനെയൊരവസ്ഥ ഉണ്ടായിട്ടുണ്ടോ? ഇത്തരം ആദിവാസി കുട്ടികളുടെ സംരക്ഷണത്തിനാവശ്യമായ സംവിധാനംപോലും ഏർപ്പെടുത്താൻ കഴിയാതെയും സ്കൂളുകളിലെ കുട്ടികൾക്ക് യഥാസമയം ഭക്ഷണം കൊടുക്കാൻ കഴിയാതെയും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ജനങ്ങൾക്ക് എത്തിക്കാൻ കഴിയാതെയും പരാജയപ്പെട്ടിരിക്കുന്ന ഈ ഗവൺമെന്റ് തങ്ങളുടെ കൈയിൽ കിട്ടുന്ന വകുപ്പുകൾ വച്ച് അഴിമതി നടത്തി കൺസ്യൂമർഫെഡ് പോലുള്ള

സംവിധാനങ്ങൾ തകർത്തെറിഞ്ഞ് നീതി, ത്രിവേണി, മാവേലി എന്നൊക്കെ പേരിട്ടു വിളിക്കാവുന്ന ഭംഗിവാക്കുകൾപ്പുറത്ത് ഒന്നുമല്ലാത്ത വിധം നശിപ്പിച്ച് കളഞ്ഞിരിക്കുന്നു എന്നത് നമുക്കെല്ലാവർക്കും കാണാൻ കഴിയുന്ന കാര്യമാണ്. അത്തരമൊരു സാഹചര്യത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ തടഞ്ഞുനിർത്താനാവശ്യമായ സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതിനുപകരം ഒഴിവുകഴിവുകൾ പറഞ്ഞ് രക്ഷപ്പെടാനുള്ള ശ്രമമാണ് നാല് മന്ത്രിമാർ ഇവിടെ നടത്തിയിട്ടുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ സാധാരണ ഗതിയിൽ ഇതിന്റെ രൂക്ഷതയുടെ മുമ്പിൽ തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ വകുപ്പുമന്ത്രി രാജി വയ്ക്കാൻപോലും തയ്യാറാകേണ്ടതായിരുന്നു എന്നതാണ് വസ്തുത. ഇത്തരമൊരു സാഹചര്യത്തിൽ ഗവൺമെന്റിന്റെ സമീപനത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, വികസനവും കരുതലും തങ്ങളുടെ മുദ്രാവാക്യമാണ് എന്ന് പറയാത്ത സംസ്ഥാനങ്ങളെക്കാൾ വലിയ വിലക്കയറ്റം ഈ

സംസ്ഥാനത്ത് ഉണ്ടായിരിക്കുകയാണ്. ഇന്ത്യയിൽ കേരളത്തിലുള്ളത്രയും വിലക്കയറ്റം വേറെ ഏതെങ്കിലും സംസ്ഥാനത്തുണ്ടോ? നമ്മുടേത് കൺസ്യൂമർ സ്റ്റേറ്റാണെന്നും മറ്റ് സ്ഥലങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഇവിടെ എത്തിച്ചേരുന്നതുകൊണ്ട് വിലക്കയറ്റം അല്പം കൂടിയിരിക്കുന്നു എന്നും പറയാം. പക്ഷേ നമ്മുടെ അയൽസംസ്ഥാനങ്ങളുൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങൾക്ക് കിട്ടുന്ന നിത്യോപയോഗസാധനങ്ങളുടെ വിലയേക്കാൾ കൂടിയ വില കേരളത്തിലെ ജനങ്ങൾ നൽകേണ്ടിവരുന്ന സാഹചര്യമുണ്ടായത് എന്തുകൊണ്ടാണ്? പച്ചക്കറിയും പലവ്യഞ്ജനവും മാത്രമല്ല, ജീവൻരക്ഷാ മരുന്നുകളുടെ വിലപോലും ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്നതിന്റെ എത്ര ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. ജനങ്ങൾ വാങ്ങി ഉപയോഗിക്കേണ്ടിവരുന്ന എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുന്നു. റബ്ബറുൾപ്പെടെ ജനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്കൊന്നും വില ഇല്ല. നാട്ടിലെ ജനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് വിലയിടിയുകയും ജനങ്ങൾ വാങ്ങി ഉപയോഗിക്കേണ്ടിവരുന്ന എല്ലാ സാധനങ്ങൾക്കും വില അമിതമായി വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യം കേരളത്തിലെ മാത്രം പ്രതിഭാസമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇവിടെ സംസാരിച്ച മന്ത്രിമാരെല്ലാം

വിലക്കയറ്റം ഒരു യാഥാർത്ഥ്യമാണെന്ന് സമ്മതിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. വിലക്കയറ്റം യാഥാർത്ഥ്യമാണെന്ന് സമ്മതിച്ചുകൊണ്ട് നാല് മന്ത്രിമാരും നൽകിയ മറുപടി കഴിഞ്ഞ നാലരവർഷം ഞങ്ങൾ ഇന്നയിന്ന കാര്യങ്ങളൊക്കെ ചെയ്തു എന്നാണ്. നാലരവർഷം ഇന്നയിന്ന കാര്യങ്ങളൊക്കെ ചെയ്തതിനുശേഷവും വില കൂടിയതല്ലാതെ വിലക്കയറ്റത്തിന്റെ തോത് കുറയ്ക്കാൻ കഴിഞ്ഞോ? നാലരവർഷം നിങ്ങൾ നടത്തിയ എല്ലാ പരിശ്രമങ്ങളും സമ്പൂർണ്ണ പരാജയമായിരുന്നു എന്ന് തെളിഞ്ഞിരിക്കുകയാണ്. നാലര വർഷം നിങ്ങൾ നടത്തിയ പരിശ്രമങ്ങൾ പരാജയമെന്ന് സമ്മതിക്കുമ്പോൾ ................

മുഖ്യമന്ത്രി(ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റിന്റെ പരിശ്രമങ്ങൾ പരാജയപ്പെട്ടുവെന്ന് താങ്കൾ പറയുമ്പോഴും ഞങ്ങൾ പൂർണ്ണമായും വിജയിച്ചിരിക്കുകയാണ്. ഇന്ന് വിലക്കയറ്റം ഇല്ലെന്ന് പറയുന്നില്ല. പക്ഷേ, മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ അവസ്ഥ വളരെ വ്യത്യസ്തമാണ്. അടുത്ത ദിവസം ഞാൻ ട്രെയിനിൽ യാത്ര ചെയ്തപ്പോൾ പാൻട്രികാർ മാനേജരുമായി സംസാരിച്ചകൂട്ടത്തിൽ സാധനങ്ങൾ വാങ്ങുന്നതിനെപ്പറ്റി ചോദിച്ചു. മുഴുവൻ സാധനങ്ങളും വാങ്ങുന്നത് തിരുവനന്തപുരത്ത് നിന്നുമാണെന്നാണ് അദ്ദേഹം പറഞ്ഞത്. മറ്റ് സംസ്ഥാനങ്ങളേക്കാൾ സാധനങ്ങൾക്ക് വിലക്കുറവ് കേരളത്തിൽ

ആണെന്നും അദ്ദേഹം പറയുകയുണ്ടായി. മാവേലി സ്റ്റോർ പോലുള്ള സ്ഥാപനങ്ങളിൽ നിന്നാണോ സാധനങ്ങൾ വാങ്ങുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ ഓപ്പൺ മാർക്കറ്റിൽ നിന്നുമാണെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്.

ശ്രീ. മാത്യു റ്റി. തോമസ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ യുക്തി എനിക്ക് മനസ്സിലാകുന്നില്ല. തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന സാധനം തിരുവനന്തപുരത്ത് എത്തുമ്പോൾ തമിഴ്നാട്ടിനെക്കാളും വില കുറച്ച് കിട്ടുമെന്ന് ഏതെങ്കിലും റെയിൽവേ മാനേജർ പറഞ്ഞെങ്കിൽ അത് പരിശോധിച്ച് വേണമായിരുന്നു നിയമസഭയിൽ അങ്ങ് പറയേണ്ടിയിരുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഞാൻ ബഹുമാന്യരായ മുഖ്യമന്ത്രിയേയും ഭക്ഷ്യവകുപ്പുമന്ത്രിയേയും വെല്ലുവിളിക്കുകയല്ല; അഭ്യർത്ഥിക്കുകയാണ്. ഇന്ത്യാ മഹാരാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും വിലകളുടെ ഒരു താരതമ്യ പട്ടിക സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ? ഒരു കാരണവശാലും വിലവർദ്ധനവിൽ കേരളം പുറകിലല്ല, മുന്നിൽത്തന്നെയായിരിക്കും. അതിന് മനസ്സിലാക്കാവുന്ന പല കാരണങ്ങൾ ഉണ്ടെങ്കിലും അതിനപ്പുറത്തേയ്ക്ക് വില വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ നാലര വർഷം ചെയ്ത കാര്യങ്ങളെല്ലാം വിജയിച്ചിരിക്കുന്നുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നിട്ടാണോ ജനങ്ങൾ ഈ

ബുദ്ധിമുട്ട് അനുഭവിക്കുന്നത്; വിലക്കയറ്റം ഉണ്ടെന്ന് സമ്മതിക്കുകയും വിലക്കയറ്റം പിടിച്ചുനിർത്താൻ ചെയ്ത കാര്യങ്ങളെല്ലാം വിജയിക്കുകയും ചെയ്തുവെന്ന് പറയുന്നതിൽ വൈരുദ്ധ്യമില്ലേ? കഴിഞ്ഞ നാലര വർഷം ചെയ്ത കാര്യങ്ങൾ പരാജയപ്പെട്ടുവെന്ന് സമ്മതിക്കാനുള്ള മനസ്സുണ്ടാകണം. അങ്ങനെയുള്ള ഘട്ടത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളൊന്നും ഫലവത്താകുന്നില്ലെന്ന തിരിച്ചറിവിൽ ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് ഈ സഭയിൽ വ്യക്തമാക്കുക കൂടി ചെയ്തിരുന്നെങ്കിൽ ആത്മാർത്ഥത വെളിവാകുമായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് പൊതുവിപണിയിൽ ഇടപെടാൻ വേണ്ടി ചെലവാക്കിയതിനേക്കാൾ കൂടുതൽ തുക ചെലവാക്കിയെന്നാണ് സാധാരണ മുഖ്യമന്ത്രി പറയുന്ന കണക്ക്. അങ്ങനെ ചെയ്തിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. തുക മാത്രം അടിസ്ഥാനപ്പെടുത്തിയല്ല, കമ്പോളത്തിലെ സാധനങ്ങളുടെ നീക്കുപോക്കിൽ ഗവൺമെന്റ് സംവിധാനത്തിന് എത്ര ശതമാനം ഇടപെടാൻ കഴിഞ്ഞുവെന്നുള്ളതിൽ വളരെ പിറകിലാണ്. സർക്കാരിന് ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്താൻ വേണ്ടത്ര സമയം കിട്ടുന്നില്ലെന്ന് തുറന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. മന്ത്രിസഭ നിലനിർത്താനും അഴിമതിക്കാരായ മന്ത്രിമാരുടെ കസേര നഷ്ടപ്പെടാതിരിക്കാനും അവരെ സംരക്ഷിക്കാനുമൊക്കെ

വേണ്ടതിലധികം ഊർജ്ജവും സമയവും ചെലവാക്കുമ്പോൾ ജനങ്ങളുടെ അടിസ്ഥാന പ്രശ്നമായ വിലക്കയറ്റം നിയന്ത്രിക്കാനും നേരിടാനും ജനങ്ങൾക്ക് അനുകൂലമായ നടപടി സ്വീകരിക്കാനും വേണ്ടത്ര സമയം ചെലവഴിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് കാണിച്ച വൈമുഖ്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ.മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ.എ. കെ. ശശീന്ദ്രൻ: സർ, വളരെ നിർഭാഗ്യകരമായ സാഹചര്യത്തിനാണ് ഇന്ന് സഭ സാക്ഷ്യം വഹിക്കേണ്ടിവന്നത്. വിലക്കയറ്റം തടയുന്നതിന് ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിച്ചുവെന്ന് മുഖ്യമന്ത്രി ഉൾപ്പെടെ 4 മന്ത്രിമാർ അവകാശപ്പെട്ടപ്പോൾ അത് യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതാണെന്ന് അറിയാത്ത ഒരംഗവും സഭയിൽ ഉണ്ടാകില്ലെന്നാണ് ഞാൻ കരുതുന്നത്. വിലക്കയറ്റം ഉണ്ടാകുമ്പോൾ മാർക്കറ്റ് വിലയുമായി ബന്ധപ്പെട്ട് വില നിർണ്ണയിക്കുക എന്നതല്ല തന്ത്രം; അതിനൊരു ഗവൺമെന്റ് ആവശ്യമില്ല. ഗവൺമെന്റ്, കൂടിയ വിലയ്ക്ക്

അവശ്യസാധനങ്ങൾ സംഭരിക്കുകയും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് കൊടുക്കുകയും ചെയ്യുന്ന മെക്കാനിസമാണ് മാർക്കറ്റ് ഇന്റർവെൻഷൻ എന്നുപറയുന്നത്. അവിടെയാണ് ഗവൺമെന്റിന്റെ സബ്സിഡി തുക ഉപയോഗിക്കേണ്ടിവരുന്നത്. അങ്ങനെ ചെയ്യുമ്പോൾ മാർക്കറ്റിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് സർക്കാർ ഔട്ട്ലെറ്റ് വഴി അവശ്യസാധനങ്ങൾ നൽകാൻ കഴിയും. അങ്ങനെ ലഭിക്കുമ്പോൾ സ്വാഭാവികമായും പൊതുമാർക്കറ്റിലും വിലനിലവാരം താഴോട്ട് പോകുന്നതാണ് മെക്കാനിസം. ഈ മെക്കാനിസം ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടുവെന്ന് സമ്മതിക്കാൻ മന:പ്രയാസമുണ്ടാകും. എന്തൊക്കെയാണ് നിർദ്ദേശങ്ങളെന്ന് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ചോദിച്ചു. ഈ മെക്കാനിസത്തെക്കുറിച്ച് ചർച്ച ചെയ്ത്, ഭരണ-പ്രതിപക്ഷത്ത് നിന്നുള്ള നിർദ്ദേശങ്ങൾ കേട്ടുകൂടെ? അങ്ങനെ കേൾക്കാതെ എല്ലാം ശുഭം എന്ന മട്ടിലുള്ള അനങ്ങാപ്പാറ നയമാണ് ജനവിരുദ്ധ മുഖമുള്ള ഈ സർക്കാരിന്റെ നയമെന്ന് കാണുന്നു. ജനവിരുദ്ധമായ നയം ചർച്ച ചെയ്യുന്നതിനെക്കുറിച്ച് പ്രതിപക്ഷം ആവശ്യപ്പെട്ടപ്പോൾ അതിനോടുപോലും നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനു ശേഷം സഭയിൽ വീണ്ടും ഹാജരായി.)